# ദി ഡിഫെൻഡർ

Vol. No. 14 Issue No. 12 RNI Reg. No. 68089 / 97 Published From Perumbavoor 2011 June 16 Price: Rs.100/- P.A.


## ബാബു ജോർജ് വീണ്ടുവിചാരത്തിനു തയ്യാറാകണം: പാസ്റ്റർ കെ.ജെ.മാത്യു



ചുമ്മാ ഡോ. ബാബു ജോർജ്



പാസ്റ്റർ കെ.ജെ.മാത്യു

എ.ജി. മലയാളം ഡിസ്ട്രിക്ടിന്റെ സെക്രട്ടറിയായ ബാബു ജോർജ് ഒരു വീണ്ടുവിചാരത്തിനു തയ്യാറാകണമെന്ന് അസിസ്റ്റന്റ് സൂപ്രണ്ടായ പാസ്റ്റർ കെ.ജെ. മാത്യു വ്യക്തമാക്കി. ബാബു ജോർജ് സ്വന്തം പത്രത്തിലൂടെ അന്യദൈവങ്ങൾക്കു സ്തുതി പാടിയതുമായി ബന്ധപ്പെട്ട് ഡിഫെൻഡറിൽ വന്ന വാർത്തയ്ക്കു വ്യക്തിപരമായി നൽകിയ മറുപടിയിലാണ് പാസ്റ്റർ കെ.ജെ.മാത്യു ഈ ആവശ്യം ഉന്നയിച്ചത്. കത്തിന്റെ പ്രസക്ത ഭാഗങ്ങൾ:

''ഡിഫെൻഡർ 14-ാം വാല്യം 10, 11 ലക്കങ്ങളിൽ എന്റെ പേർ പരാമർശിച്ചു കണ്ടതിന്റെ പശ്ചാത്തലത്തിലാണ് ഈ കത്ത്. എ.ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സെക്രട്ടറിയും എന്റെ സഹപ്രവർത്തകനുമായ പാസ്റ്റർ ബാബു ജോർജ് പത്രാധിപരായിരിക്കുന്ന ക്രൈസ്തവധാര എന്ന മാസികയുടെ എല്ലാ ലക്കങ്ങളും എനിക്കു വായിക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ ശ്രദ്ധയിൽപെട്ട കാര്യങ്ങളെക്കുറിച്ചാണു ഞാൻ പ്രതികരിക്കുന്നത്. ഇതു തികച്ചും വ്യക്തിപരമായ ഒരു പ്രതികരണമാണ്.

എ.ജിയുടെ സെക്രട്ടറി മുഖ്യ പത്രാധിപരായിരിക്കുന്ന ഒരു പ്രസിദ്ധീകരണത്തിൽ വിഷുദിനാശംസകൾ നേർന്നത് അനുചിതമാണ്. പട്ടത്വ സഭയിൽ പുതുതായി സ്ഥാനമേറ്റ ബിഷപ്പിനെ അഭിനന്ദിക്കുന്നതും തിരുമേനി എന്നു സംബോധന ചെയ്യുന്നതും ഒഴിവാക്കണമായിരുന്നു. ഇത്തരം വിമർശനങ്ങളെ സങ്കുചിത ചിന്താഗതിയെന്നും ഇതര സമൂഹങ്ങളോടുള്ള അസഹിഷ്ണതയെന്നും (ക്രൈസ്തവധാര, വാല്യം 2, ലക്കം 6, പുറം 7) മുദ്ര കുത്തുന്നതും ശരിയായ നിലപാടല്ല. ഭാരതത്തിന്റെ മതബഹുല സ്വഭാവം ഉൾക്കൊണ്ട്, ഇതര മത വിശ്വാസികളെ വിമർശിക്കാതെ ജീവിക്കുകയും ശുശ്രൂഷിക്കയും ചെയ്യുമ്പോൾത്തന്നെ നമ്മുടെ ഐഡന്റിറ്റി നഷ്ടപ്പെടുത്തുവാൻ പാടില്ല. തള്ളിക്കളഞ്ഞതിനെ തിരികെ എടുക്കുവാനും വിട്ടുപോന്ന ഇടത്തിന്റെ മഹത്വം വർണ്ണിക്കാനുമുള്ള പരിശ്രമങ്ങൾ അപലപനീയമാണ്. വിവാദ വിഷയങ്ങളെക്കുറിച്ച് എ.ജി. എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ഞാൻ സംസാരിച്ചിട്ടുള്ളതും കമ്മറ്റി ചർച്ച ചെയ്തിട്ടുള്ളതുമാകുന്നു. എന്റെ സ്നേഹിതൻ പാസ്റ്റർ ബാബു ജോർജ് ഒരു വീണ്ടുവിചാരത്തിനു തയ്യാറാകുമെന്നാണ് എന്റെ പ്രതീക്ഷ. (പാസ്റ്റർ കെ.ജെ.മാത്യു)''

ജൂൺ 6ന് അയച്ച കത്ത് പിറ്റെന്നുതന്നെ ഡിഫെൻഡറിനു ലഭിച്ചു. ഈ കത്തിൽ കെ.ജെ. മാത്യു സ്വീകരിച്ചിരിക്കുന്ന നിലപാട് തികച്ചും ശരിയാണ്. അന്യമതങ്ങളെ പരിഹസിക്കുകയോ അവഹേളിക്കുകയോ ചെയ്യരുത്. അതേസമയം നമ്മുടെ ഐഡന്റിറ്റി കാത്തു സൂക്ഷിക്കണം.

സാത്താൻ സഭ ഉൾപ്പെടെ ഏതുതരം മതവിശ്വാസത്തെക്കുറിച്ചും പഠിക്കാനുള്ള സ്വാതന്ത്ര്യം വിശ്വാസികൾക്കുണ്ട്. അന്യമതങ്ങളുടെ ഉദ്ഭവം, വളർച്ച, വിശ്വാസാചാരങ്ങൾ തുടങ്ങിയവയെക്കുറിച്ച് ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ എഴുതുന്നതു തെറ്റല്ല. ദുരുപദേശങ്ങളെക്കുറിച്ചും കൾട്ടുകളെക്കുറിച്ചും വിശദീകരിക്കാം. പക്ഷേ ഇവ നാം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു എന്ന വിധത്തിലാകരുത് ഇത്തരം എഴുത്തുകൾ. വായനക്കാർക്കു വിഷുദിനാശംസകൾ നേരുന്നതും കണിയിൽ വിശ്വസിക്കുന്ന വിധത്തിൽ ആശംസ അർപ്പിക്കുന്നതും 'കർത്താവായ മഹാവീരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ' എന്ന് എഴുതി വയ്ക്കുന്നതും അന്യദൈവാരാധനയാണ്. ഇത്തരം ഹീനകൃത്യങ്ങൾ പെന്തക്കോസ്ത് വിശ്വാസികളുടെ ഭാഗത്തുനിന്ന് ഉണ്ടാകരുത്.

(ഇനി പി.എസ്.ഫിലിപ്പിന്റെ പ്രതികരണം ലഭിക്കണം.)

## പാക്കിൽ ചർച്ച് ഓഫ് ഗോഡ്: പ്രശ്നങ്ങൾ തീരുന്നില്ല



കെ.സി.ജോൺ



തോമസ് ജോൺ

ചർച്ച് ഓഫ് ഗോഡ് കേരള റീജിയനിൽ പ്രശ്നങ്ങൾ തീരുന്നില്ല. പ്രശ്നം തീർക്കാൻ നിയോഗിക്കപ്പെട്ട കെ.സി.ജോൺ പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുകയും ചെയ്തു. അങ്ങനെ പ്രസ്ഥാനം നടുക്കടലിലാണ്. പരിഹാരമാർഗ്ഗം കാണുന്നുമില്ല.

ഓവർസിയറായിരുന്ന തോമസ് ജോൺ ഏലപ്പാറ സഭ വിൽക്കാൻ ശ്രമിച്ച സംഭവം ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നു. സഭയുടെ പാക്കിൽ സ്റ്റേഡിയം തോമസ് ജോൺ വിറ്റുകഴിഞ്ഞു എന്നു പിന്നീട് അറിവായി. കോടികളുടെ തട്ടിപ്പാണ് തോമസ് ജോൺ നടത്തിയത്. അതുകൊണ്ട് ചർച്ച് ഓഫ് ഗോഡിന്റെ നേതൃത്വം ഇടപെട്ടു തോമസ് ജോണിനെ ഓവർസിയർ സ്ഥാനത്തുനിന്നു നീക്കുകയും താൽക്കാലിക ഓവർസിയറായി കെ.സി.ജോണിനെ നിയമിക്കുകയും ചെയ്തു. പ്രശ്നങ്ങൾ പരിഹരിക്കയായിരുന്നു കെ.സി. ജോണിന്റെ ദൗത്യം. പക്ഷേ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം അതു കൂടുതൽ വഷളാക്കുകയാണു കെ.സി.ജോൺ ചെയ്തത്. ചില കൗൺസിൽ അംഗങ്ങളെ പിരിച്ചു വിടുകയും അവരെ ചർച്ച് ഓഫ് ഗോഡിൽ നിന്നുതന്നെ പുറത്താക്കാൻ പദ്ധതി തയ്യാറാക്കുകയും ചെയ്തു. ഈ നീക്കം തടയാനായി പാസ്റ്റർമാരായ പി.റ്റി.ദാനിയേൽ, റ്റി.സി.ജോസ്, ഏബ്രഹാം ജോസഫ്, സി.ബോബിച്ചായൻ, ജോയ് ജോൺ എന്നിവർ കോട്ടയം അഡീഷണൽ മുൻസിഫ് കോടതിയിൽ നൽകിയ ഹർജി ബഹുമാനപ്പെട്ട കോടതി ഭാഗികമായി അനുവദിക്കുകയും ഇവരെ ഒഴിപ്പിക്കുന്നതു താൽക്കാലികമായി തടയുകയും ചെയ്തു. പക്ഷേ ഇതുകൊണ്ടു പ്രശ്നങ്ങൾ തീരുന്നില്ല. പ്രധാനപ്പെട്ട പല കേസ്സുകളിലും വിധി വരാനിരിക്കുന്നതേയുള്ളൂ.

## ഡോളർ ശരണം ഗച്ഛാമി




'ഡോളറാണഖിലസാരമൂഴിയിൽ' എന്ന് ഏതോ കവി പറഞ്ഞിട്ടുണ്ടല്ലോ. ഇല്ലെങ്കിൽ പറയണം. കാരണം, പെന്തക്കോസ്ത് പാസ്റ്റർമാർ ഇപ്പോൾ അമേരിക്കയിലേക്ക് ഒഴുകുകയാണ്. എങ്ങനെയങ്കിലും ഡോളർ നേടണം എന്നതു മാത്രമാണു ലക്ഷ്യം.

പിണ്ണാക്ക് സമ്മേളനം നടക്കുന്ന സ്ഥലത്ത് എത്തുകയാണു മിക്കവരുടെയും ലക്ഷ്യം. പരിചയക്കാരെയെല്ലാം അവിടെ വച്ചു കാണാം എന്നതുതന്നെ കാരണം. പരിചയമില്ലാത്തവരെ പരിചയപ്പെടാം. ഫോൺ നമ്പർ വാങ്ങാം. എന്നിട്ടു വിളിക്കാം.

എന്തിനാണ് അമേരിക്കയിലേക്കു പോകുന്നത്? ആത്മഭാരം സഹിക്കവയ്യാതായതുകൊണ്ടാണോ? അല്ലെന്നു വ്യക്തം. ആത്മഭാരമുള്ളവർക്ക് സ്വന്തം വീടിന്റെ ചുറ്റുപാടുതന്നെ സുവിശേഷമറിയിക്കാം. അല്ലെങ്കിൽ മലബാറിലേക്കുപോകാം. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ യേശു എന്ന പേരുപോലും കേട്ടിട്ടില്ലാത്തവരോടു സുവിശേഷം പറയാം. പക്ഷേ ഒരു പ്രശ്നം: 'അനുഗ്രഹം' ലഭിക്കുകയില്ല. അനുഗ്രഹത്തിന്റെ ഉറവിടം അമേരിക്കയാണ്. ഗൾഫും മോശമല്ല. യു.കെ., ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളും നല്ലതുതന്നെ.

ചില പത്രക്കാർ എല്ലാ വർഷവും പിണ്ണാക്കിനു പോകും. വരിസംഖ്യയാണു പ്രധാന ലക്ഷ്യം. പിണ്ണാക്കിനുശേഷം കുറെ ചെറുകിട സമ്മേളനങ്ങളുണ്ട്. അവയിലും പങ്കെടുക്കും. പിന്നെ വീടുതോറും കയറിയിറങ്ങി പിരിക്കും. ആറു മാസം അങ്ങനെ കഴിയും. പിന്നീടുള്ള ആറു മാസം കേരളത്തിൽ വിലസും. അതിനിടയിൽ ചില വിദേശരാജ്യങ്ങൾ സന്ദർശിച്ചെന്നും വരാം. അപ്പോഴേക്കും അടുത്ത പിണ്ണാക്കിനുള്ള സമയമാകും. വീണ്ടും പറക്കും.

ഇത്തവണ അവറാന്റെ അമേരിക്കൻ പര്യടനം ഉണ്ടാകുമോ എന്നു വ്യക്തമല്ല. കഴിഞ്ഞ രണ്ടു പര്യടങ്ങളിലുണ്ടായ കൈപ്പേറിയ അനുഭവങ്ങൾ മറക്കാറായിട്ടില്ല. ഇത്തവണ പോയാൽ വണ്ടിക്കൂലി പോലും കിട്ടില്ല എന്നു നിശ്ചയം. നിത്യസഹായിയായ ജോൺസൺ ദാനിയേലിന്റെ പേരുപോലും കേൾക്കാനില്ല.

കുറുക്കൻ 20ന് പറക്കും എന്നാണ് അറിയുന്നത്. കാനഡയിലെ പ്രോഗ്രാമിന്റെ പേരു പറഞ്ഞാണു യാത്ര. പക്ഷേ യഥാർത്ഥ ലക്ഷ്യം പിണ്ണാക്കാണ്. കൺവീനറെയും സെക്രട്ടറിയെയും പുലിവാലു പിടിപ്പിച്ചേ ഇവനു തൃപ്തിയാകൂ എന്നു തോന്നുന്നു.

ഇക്കൊല്ലം വളരെ കുറച്ചുപേർക്കു മാത്രമാണു വിസ കിട്ടിയിട്ടുള്ളത്. അതുകൊണ്ട് പുതിയ സന്ദർശകരുടെ ശല്യം ഏറെയുണ്ടാകില്ല. പക്ഷേ പത്തു വർഷത്തെ വിസയുമായി വിലസുന്ന സ്ഥിരം സന്ദർശകരുടെ ശല്യം ഇത്തവണയുമുണ്ടാകും.

വിദേശ പര്യടനം തൊഴിലാക്കിയവർ ഒന്നാംതരം വ്യാജൻമാരാണെന്നു വലിയ അന്വേഷണമൊന്നും കൂടാതെ പറയാൻ കഴിയും. ദൈവദാസൻമാർക്ക് ഇങ്ങനെ വിദേശപര്യടനവുമായി നടക്കാൻ നേരമുണ്ടാകില്ലല്ലോ. അതുകൊണ്ട് അമേരിക്കൻ പര്യടനം സ്ഥിരം തൊഴിലാക്കിയവരെ സൂക്ഷിക്കുക, അകറ്റി നിർത്തുക. പഴയ പരിചയം മുതലാക്കി ഇവർ എത്തും. താമസസൗകര്യം കൊടുക്കരുത്. പണം നൽകരുത്.

സന്ദർശകരിൽ നല്ലൊരു പങ്കു വ്യഭിചാരികളാണ്. ഇത്തരക്കാരെ വീട്ടിൽ കയറ്റുന്നവർ അതിന്റെ ഫലം അനുഭവിക്കേണ്ടതായി വരും. ഭാര്യയെയോ കുട്ടികളെയോ സന്ദർശകരോടൊപ്പം വീട്ടിൽ ആക്കിയിട്ടു ജോലിക്കു പോകുന്നവർ സൂക്ഷിക്കുക: നിങ്ങൾ അപകടം ക്ഷണിച്ചു വരുത്തുകയാണ്.

ക്ഷണിക്കപ്പെട്ട അതിഥികളായി അമേരിക്കയിലെത്തുന്നവരെ സ്വീകരിക്കാൻ അവരെ ക്ഷണിച്ചവരുണ്ടാകും. ആരും വിളിക്കാതെ വന്നവർ തെരുവിലൂടെ അലഞ്ഞു നടക്കട്ടെ. ഇത്തരക്കാരെ പോറ്റേണ്ട ഉത്തരവാദിത്വം നിങ്ങൾക്കില്ല. രാവും പകലും കഠിനാധ്വാനം ചെയ്തുണ്ടാക്കുന്ന പണം ഇത്തരം കള്ളൻമാർക്കു കൊടുക്കരുത്. വേലിയിൽ കിടക്കുന്നത് അവിടെ കിടക്കട്ടെ.

ദി ഡിഫെൻഡർ
Vol. No.14 Issue No.12 2011 June16

# വ്യാജവും വ്യാജഭാവവും

വ്യാജം പറയുന്നതു പാപമാണ് എന്നതിനു രണ്ടു പക്ഷമില്ല. പക്ഷേ വ്യാജഭാവം പാപമാണോ? ആണെന്നു ദൈവവചനം പറയുന്നു (1പത്രോ.2:1). മാത്രമല്ല, വ്യാജഭാവങ്ങൾ നീക്കിക്കളയുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

എന്താണു വ്യാജഭാവം? Hoopokreesis എന്ന ഗ്രീക്ക് വാക്കാണ് ഇംഗ്ലീഷിൽ hypocrisies എന്നും മലയാളത്തിൽ 'വ്യാജഭാവം' എന്നും തർജ്ജമ ചെയ്തിരിക്കുന്നത്. 'കപടനാട്യം' എന്നു പറഞ്ഞാൽ ഒരുപക്ഷേ അർത്ഥം കൂടുതൽ വ്യക്തമായേക്കാം. കപടഭക്തി ഒരുതരം വ്യാജഭാവമാണ്. ഇല്ലാത്ത സ്നേഹം ഉണ്ടെന്നു നടിക്കുന്നതും വ്യാജഭാവം തന്നെ. ഇങ്ങനെ വിവിധ രൂപത്തിലും ഭാവത്തിലുമുള്ള കപടനാട്യങ്ങളുണ്ട്. ഇവയെല്ലാം ദൈവമക്കൾ ഉപേക്ഷിക്കണം.

കപടഭക്തി എന്നത് സർവ്വസാധാരണമായ വ്യാജഭാവമാണ്. ഇതിനെതിരെ കർത്താവായ യേശുക്രിസ്തു നിശിതമായ വിമർശനമാണു നടത്തിയത്. അക്കാലത്തെ ഏറ്റവും വലിയ ഭക്തരായിരുന്നു പരീശൻമാരും ശാസ്ത്രിമാരും. പക്ഷേ അവരിൽ ഭൂരിപക്ഷവും കപടഭക്തരായിരുന്നു. ഇത്തരത്തിലുള്ള ഭക്തി ദൈവത്തിന് അസഹ്യമായിരുന്നു. കർത്താവ് ഈ തിൻമയ്ക്കെതിരെ പ്രതികരിക്കാൻ ഇതാണു കാരണം.

വിവിധതരം ക്രൈസ്തവ വിഭാഗങ്ങളുണ്ട്. ഇവരിൽ ഏതു ഗ്രൂപ്പാണ് ദൈവവചനത്തോട് ഏറ്റവും അടുത്തു നിൽക്കുന്നത്? പെന്തക്കോസ്തർ എന്നേ മറുപടി പറയാൻ കഴിയൂ. പക്ഷേ പെന്തക്കോസ്തിലുള്ളത്ര കപടഭക്തർ മറ്റൊരു ക്രൈസ്തവ വിഭാഗത്തിലുമില്ല. ഒരു ശങ്കയുമില്ലാതെയാണ് പെന്തക്കോസ്തർ കാപട്യം കാണിക്കുന്നത്. പെന്തക്കോസ്തരെ അവഹേളിക്കാനാണ് ഇങ്ങനെ പറയുന്നതെന്നു ധരിക്കരുത്. കാരണം, ഈ പറയുന്നതു പച്ചയായ സത്യമാണ്.

പെന്തക്കോസ്തിലെ ഡോക്ടർമാരുടെ കഥ തന്നെ നല്ല ഉദാഹരണം. കൂട്ടക്ഷരവൈരികൾ പോലും ഡോക്ടർമാരായി വിലസുന്ന ദുരവസ്ഥ പെന്തക്കോസ്തിലല്ലാതെ മറ്റെവിടെയാണുള്ളത്? ഐ.പി.സിയുടെ പ്രസിഡന്റും വൈസ് പ്രസിഡന്റും ജനറൽ സെക്രട്ടറിയും ചുമ്മാഡോകളാണ്. റവ.ഡോ. എന്ന് ഒരു ഉളുപ്പുമില്ലാതെയാണ് ഇവർ എഴുതുന്നതും എഴുതിക്കുന്നതും. കഷ്ടമെന്നേ പറയേണ്ടൂ.

വീണ്ടും ജനനം പ്രാപിച്ചവനു കള്ളം പറയാൻ പറ്റില്ല. കാരണം, സൽപ്രവൃത്തികൾക്കായാണ് അവൻ വീണ്ടും ജനിച്ചത്. ശങ്ക കൂടാതെ കള്ളം പറയുന്നവർ വീണ്ടും ജനിച്ചവരല്ല, ആകാൻ കഴിയുന്നതുമല്ല. എത്ര വലിയ നേതാവു കള്ളം പറഞ്ഞാലും അതു സത്യമാകുകയില്ല. ചുമ്മാഡോകൾ ദൈവദാസൻമാരല്ല സാത്താന്റെ ദാസൻമാരാണ്, സംശയം വേണ്ട.

# സത്യം സത്യമായി

സ്പീക്കർ പ്രശ്നം പരിഹരിച്ചു. ഇനിയുള്ളത് ഡെപ്യൂട്ടി സ്പീക്കർ പ്രശ്നവും പാർലമെന്ററി കാര്യ വകുപ്പ് മന്ത്രിയുടെ പ്രശ്നവുമാണ്. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം കെ.എം.മാണിയുടെ പാർട്ടിക്കു കൊടുക്കുമെന്നും സി.എഫ്.തോമസ് ആ കസേരയിലിരിക്കുമെന്നും കരുതാം. പാർലമെന്ററി കാര്യമന്ത്രി ഉണ്ടാകില്ല. പകരം ഒരു ചീഫ് വിപ്പ് ഉണ്ടാകും. ചീഫ് വിപ്പിന് മന്ത്രിയുടെ പദവി കൊടുക്കും. അലിക്ക് വിപ്പായി കഴിയാൻ യോഗവുമുണ്ടാകും. ഈ പറഞ്ഞതൊക്കെ ഊഹം മാത്രമാണ്. ഒത്താൽ ഒത്തു.

പുത്രൻജിക്ക് പാർട്ടി മീറ്റിംഗിൽ പ്രസംഗിക്കാൻ പോലും സമയം കൊടുത്തില്ലത്രേ. സതീശൻജിയുടെ പ്രസംഗം കേട്ടപ്പോൾത്തന്നെ സംഗതി വശപ്പിശകാണെന്നു മനസ്സിലായി. അതുകൊണ്ടു പുത്രൻജിയെ ബുദ്ധിപൂർവ്വം ഒഴിവാക്കിയതാണ്.

വഴിയോരപ്രശ്നത്തെക്കുറിച്ച് വഴിയോരത്തുനിന്നു വഴിപോക്കനോടു പറഞ്ഞ കാര്യങ്ങൾ ഇത്ര വലിയ പുലിവാലാകുമെന്ന് ആരറിഞ്ഞു! 'ശുംഭനും' 'പുല്ലുവിലയും' കുഴപ്പക്കാരാണെന്നു ഹൈക്കോടതി കണ്ടെത്തിയിരിക്കുന്നു. പ്രതിക്കു കുറ്റപത്രവും കൊടുത്തു. ക്ഷമ പറഞ്ഞാൽ തീരുന്നതായിരുന്നു ഈ പ്രശ്നം. അതുണ്ടായില്ല. ഇനി എന്തൊക്കെ നടക്കുമെന്നു കണ്ടറിയണം.

പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം പതിവുപോലെ ഇക്കൊല്ലവും വിവാദത്തിലായി. ഫീസിന്റെ കാര്യത്തിലാണ് പ്രധാന തർക്കം. മെരിറ്റ് സീറ്റ് പ്രശ്നവും വിവാദത്തിൽ തന്നെ. അതിനിടയിലാണ് പരിയാരപ്രശ്നം. വിപ്ലവം മൂത്ത് ജീവിതം ഹോമിച്ച യുവാക്കളുടെ ചോരയിൽ ചവിട്ടി നിന്നാണ് അഴിമതിവീരൻമാരുടെ വിളയാട്ടം. കൊടിയുടെ നിറവും പ്രശ്നമല്ല. ഏതായാലും ഒരു ഗുണമുണ്ടായി: ഒരു പാർട്ടിക്കും സമരം ചെയ്യാനുള്ള ധൈര്യമില്ല. കാരണം, സ്വാശ്രയക്കറ പുരളാത്ത ഒരു പാർട്ടിയുമില്ല എന്നതുതന്നെ.

കുഷ്ഠരോഗി ചൊറിയനെതിരെ പ്രസംഗിക്കുന്നതുപോലെയായിപ്പോയി രാംദേവിന്റെ സത്യാഗ്രഹം. ഏതാനും വർഷം മുമ്പുവരെ സൈക്കിളിൽ സഞ്ചരിച്ചിരുന്നയാൾ ഇപ്പോൾ സ്വകാര്യ വിമാനത്തിലാണു യാത്ര. എത്രത്തോളം സ്വത്തുണ്ടെന്നു വ്യക്തമല്ല. എങ്കിലും 1100 കോടിയുടെ കഥ വെളിച്ചത്തു വന്നിട്ടുണ്ട്. പുറത്തു വരാനുള്ളത് എത്രയെന്നു പറയാനാവില്ല. എങ്ങനെ ഇത്രയും സ്വത്തുണ്ടായി? അതു രാംദേവ് പറയുന്നുമില്ല. ഇത്തരത്തിലുള്ള ഒരാൾ അഴിമതിക്കെതിരെ പോരാടുന്നത് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ തമാശയാണ്.

ഡിഫെൻഡറിന്റെ രണ്ടാം പേജിൽ ഫോട്ടോ ഉൾപ്പെടുത്തുന്ന പതിവില്ല. എന്നാൽ ഇത്തവണ ഒരു ഫോട്ടോ പ്രസിദ്ധീകരിക്കയാണ്. ഈ ഫോട്ടോ ഡിഫെൻഡറിന്റെ സ്വന്തമല്ല, ഒരു വായനക്കാരൻ അയച്ചുതന്നതാണ്. ശാസ്തമംഗലമാണു സംഭവസ്ഥലമെന്നു ഫോട്ടോയിൽ കാണുന്ന ബോർഡിൽ നിന്നു മനസ്സിലാക്കാം. മുകളിൽ ഒരു ബ്ലസ്സിംഗ് സെന്ററുണ്ട്. അനുഗ്രഹമാരി ചൊരിയുന്ന ഒരു യോഗത്തിന്റെ പരസ്യവുമുണ്ട്. താഴെ ബിവറേജസ് കോർപ്പറേഷൻ വക വിദേശമദ്യശാല സ്ഥിതിചെയ്യുന്നു. (അനുഗ്രഹമെന്നല്ലാതെ എന്തു പറയാൻ!) പ്രകൃതിയുടെ വികൃതി എന്നൊക്കെ പറയുന്നത് ഇതാണോ മാളോരേ?

**അനുഗ്രഹം വരുന്ന വഴി: ഒരു ശാസ്തമംഗലം കാഴ്ച. (ഒരു വായനക്കാരൻ അയച്ചുതന്നത്.)**




**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**tsbalan.org tsbalan.net**

ബൈബിൾ റേഡിയോ

**www.thebibleradio.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ററി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ ററി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ററി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9645077483**
**Local Calls from USA & Canada: (972)-213-1404**

# പി.ഒ.ഏലിയാസ് വീണ്ടും സ്ത്രീധനപീഡനക്കേസ്സിൽ



പി.ഒ.ഏലിയാസ്

പെരുമ്പാവൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗോസ്പൽ ഇൻ ആക്ഷന്റെ സ്ഥാപക നേതാവും ഇന്റർനാഷണൽ തട്ടിപ്പുകാരനുമായ പി.ഒ.ഏലിയാസ് വീണ്ടും സ്ത്രീധനപീഡനക്കേസ്സിൽ അകപ്പെട്ടിരിക്കുന്നു. ഏലിയാസിന്റെ മകനായ സന്തോഷിന്റെ ഭാര്യ (ആൻസി) ആണ് പരാതിക്കാരി. പി.ഒ.ഏലിയാസിനെ കൂടാതെ ഭാര്യ മേരി, മകൻ സന്തോഷ്, മകളുടെ ഭർത്താവായ പാസ്റ്റർ ഒ.അച്ചൻകുഞ്ഞ് എന്നിവരും പ്രതികളാണ്. പെരുമ്പാവൂർ മജിസ്ട്രേറ്റ് കോടതിയിൽ ആൻസി നൽകിയ പരാതി കുറുപ്പംപടി പോലീസിന്റെ അന്വേഷണത്തിനു വിട്ടിരിക്കുകയാണ്. 472-ാം നമ്പരായി രജിസ്റ്റർ ചെയ്തിരിക്കുന്ന എഫ്.ഐ.ആർ. പ്രകാരം പ്രതികൾക്കെതിരെ ഐ.പി.സി 498എ വകുപ്പാണ് ചുമത്തിയിരിക്കുന്നത്. ഈ വകുപ്പിൽ ഇപ്രകാരം പറയുന്നു:

498A. Husband or relative of husband of a woman subjecting her to cruelty.

Whoever, being the husband or the relative of the husband of a woman, subjects such woman to cruelty shall be punished with imprisonment for a term which may extend to three years and shall also be liable to fine.

Explanation-For the purpose of this section, "cruelty" means- (a) Any willful conduct which is of such a nature as is likely to drive the woman to commit suicide or to cause grave injury or danger to life, limb or health whether mental or physical) of the woman; or (b) Harassment of the woman where such harassment is with a view to coercing her or any person related to her to meet any unlawful demand for any property or valuable security or is on account of failure by her or any person related to her meet such demand.

ഒരു സ്ത്രീയെ അവളുടെ ഭർത്താവോ ഭർത്താവിന്റെ ബന്ധുക്കളോ പീഡിപ്പിച്ചാൽ മൂന്നു വർഷം വരെ തടവും പിഴയും ശിക്ഷയായി ലഭിക്കും എന്നു ചുരുക്കം. പീഡനം എന്നാൽ എന്ത് എന്നാണു തുടർന്നുള്ള ഭാഗങ്ങളിൽ വിശദീകരിക്കുന്നത്. ആൻസി നൽകിയ പരാതിയിൽ പറയുന്ന കാര്യങ്ങൾ ഗൗരവമുള്ളതാണ്. അതു ശരിയാണെങ്കിൽ പി.ഒ.ഏലിയാസ് ഇനി വേദപുസ്തകവുമെടുത്തു നടക്കരുത്.

ജാമ്യമില്ലാത്ത വകുപ്പാണ് ഐ.പി.സി.498എ. അതുകൊണ്ട് പോലീസ് സ്റ്റേഷനിൽ നിന്നു ജാമ്യം ലഭിക്കുകയില്ല. പക്ഷേ കോടതിക്ക് ജാമ്യം കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യാം. പ്രതികൾക്ക് എറണാകുളം ജില്ലാ കോടതിയിലോ കേരള ഹൈക്കോടതിയിലോ മുൻകൂർ ജാമ്യത്തിന് അപേക്ഷ നൽകാവുന്നതുമാണ്.

ഭാര്യാഭർത്താക്കൻമാർ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകുക സ്വാഭാവികമാണ്. പക്ഷേ മാതാപിതാക്കൾ ഇടപെട്ട് പ്രശ്നം വഷളാക്കുകയും കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ടു പീഡിപ്പിക്കുകയും ചെയ്യുമ്പോൾ അതു ക്രിമിനൽ കേസ്സാകും. പി.ഒ.ഏലിയാസിന്റെ വീട്ടിൽ സംഭവിച്ചിരിക്കുന്നത് ഇത്തരത്തിലുള്ള ഹീനകൃത്യങ്ങളാണ്.

## റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും




റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും ലഭിക്കും. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (100 മണിക്കൂർ), പുതിയനിയമത്തിൽ നിന്ന് നൂറു പ്രസംഗങ്ങൾ (100 മണിക്കൂർ) എന്നിവ (ആകെ 200 മണിക്കൂർ) ഒരു യു.എസ്.ബി. ഡ്രൈവിൽ ലഭിക്കുന്നു. വിലയിൽ മാറ്റമില്ല, അതായത് ഇന്ത്യയിൽ 1800 രൂപ. വിദേശത്ത് 100 ഡോളർ. ഇന്ത്യയിലും വിദേശത്തും പോസ്റ്റേജ് സൗജന്യം. ലൈബ്രറി ഓഫ് തിയോളജിയും (10 സി.ഡികൾ) ഇപ്പോൾ യു.എസ്.ബി ഡ്രൈവിൽ ലഭിക്കുന്നതാണ്. പി.ഡി.എഫ്. ഫോർമാറ്റിൽ അയ്യായിരത്തിലധികം ഇംഗ്ലീഷ് പുസ്തകങ്ങളും ലേഖനങ്ങളും അടങ്ങിയ ഈ സെറ്റിന് 900 രൂപയാണു വില. വിദേശത്ത് 50 ഡോളർ. പോസ്റ്റേജ് സൗജന്യം. പക്ഷേ, 40 സി.ഡികൾ അടങ്ങിയ 'ലൈബ്രറി ഓഫ് തിയോളജി' സി.ഡിയിൽ മാത്രമേ ലഭിക്കൂ.

പ്രത്യേകം ശ്രദ്ധിക്കുക: യു.എസ്.ബിയിലുള്ള പ്രസംഗങ്ങളും മറ്റും കമ്പ്യൂട്ടറിൽ മാത്രമേ ഉപയോഗിക്കാൻ പറ്റൂ. ലാപ്ടോപ് ഇപ്പോൾ നിത്യജീവിതത്തിന്റെ ഭാഗമായതുകൊണ്ട് യു.എസ്.ബി ഡ്രൈവിലുള്ള പ്രസംഗങ്ങളും പുസ്തകങ്ങളും സൗകര്യപ്രദമാകും.

# പെന്തക്കോസ്ത് ചാനലാണോ?

പവ്വർ വിഷനു ഫണ്ടുണ്ടാക്കാൻ കെ.സി.ജോൺ പിണ്ണാക്കിലെത്തുമെന്നു കേൾക്കുന്നു. പിസിനാക്ക് പെന്തക്കോസ്ത് വിശ്വാസികളുടെ സമ്മേളനമാണ്. അതുകൊണ്ടു ചോദിക്കട്ടെ: പവ്വർ വിഷൻ പെന്തക്കോസ്ത് ചാനലാണോ? പെന്തക്കോസ്ത് ഉപദേശമാണോ ഈ ചാനൽ പ്രചരിപ്പിക്കുന്നത്? വീണ്ടും ജനനം, വിശ്വാസസ്നാനം, അന്യഭാഷാഭാഷണം അടയാളമായുള്ള പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയ സുപ്രധാന ഉപദേശങ്ങളിൽ പവ്വർ വിഷൻ വിശ്വസിക്കുന്നുണ്ടോ? ഈ ഉപദേശമാണോ പവ്വർ വിഷനിൽ പഠിപ്പിക്കുന്നത്?

'അല്ലേയല്ല' എന്നു മാത്രമേ പറയാൻ കഴിയൂ. കത്തോലിക്കർ ഉൾപ്പെടെ എല്ലാ ക്രൈസ്തവർക്കും സ്വീകാര്യമായ കുറെ ഭംഗിവാക്കുകൾ മാത്രമേ പവ്വർ വിഷനിൽ കേൾക്കൂ. വിശ്വാസസ്നാനം എന്ന വിഷയത്തെക്കുറിച്ച് മിണ്ടുകപോലുമില്ല. വേർപാട് പവ്വർ വിഷന്റെ ഏഴയലത്തുപോലും ഇല്ല.

മെത്രാൻമാരും അച്ചൻമാരും ഏതു സഭക്കാരെന്നുപോലും നിശ്ചയമില്ലാത്ത മറ്റുള്ളവരുമാണ് പവ്വർ വിഷനിൽ പരിപാടികൾ അവതരിപ്പിക്കുന്നത്. സത്യസുവിശേഷം എന്നു പറയുന്നതിലൂടെ പെന്തക്കോസ്ത് വിശ്വാസികൾ എന്തൊക്കെ അർത്ഥമാക്കുന്നുണ്ടോ അതൊന്നും പവ്വർ വിഷനിലില്ല. ഇതൊരു പെന്തക്കോസ്ത് ചാനലാണെന്നു കെ.സി.ജോൺ ഒരിക്കൽപ്പോലും പറഞ്ഞിട്ടുമില്ല. പവ്വർ വിഷൻ എന്നതു ക്രിസ്ത്യൻ ചാനലാണെന്നു പറഞ്ഞിട്ടുണ്ട്. എല്ലാ മതങ്ങളെയും ഒന്നുപോലെ കാണുന്ന ചാനലാണെന്നും പറഞ്ഞിട്ടുണ്ട്. സുവിശേഷമെന്ന പേരിൽ എന്തൊക്കെയോ ചെയ്യുന്ന പവ്വർവിഷനുവേണ്ടി പണം പിരിക്കാൻ കെ.സി.ജോൺ പിണ്ണാക്കു സമ്മേളനത്തിനെത്തിയേക്കാം. ദൈവമക്കൾ സൂക്ഷിക്കുക. ഈ തട്ടിപ്പു പരിപാടിക്കു പണം കൊടുക്കരുത്. ദുരുപദേശം പ്രചരിപ്പിക്കാൻ നാം സഹായം ചെയ്യരുത്.

# ഫ്ളോറിഡയിലെ മഹാകപിക്ക് അവാർഡില്ലേ?

റൈറ്റേഴ്സ് ഫോറം അവാർഡ് പ്രഖ്യാപിച്ചു. ബാബു തോമസ് (ലേഖനം), മോഹൻ കാഞ്ഞിരമണ്ണിൽ (ഗാനം), വീയപുരം ജോർജ്കുട്ടി (പുസ്തകം), ജോയ്സ് തോന്ന്യാമല (കവിത) എന്നിവരാണ് അവാർഡ് ജേതാക്കൾ. തോമസ് കുര്യൻ എന്ന വിശ്വസാഹിത്യകാരനാണ് അവാർഡുകൾ പ്രഖ്യാപിച്ചത്. പിണ്ണാക്ക് സമ്മേളനത്തിൽ വച്ച് അവാർഡുകൾ വിതരണം ചെയ്യും.

ഫ്ളോറിഡാക്കപി ജീവനോടെ ഇരിക്കുമ്പോൾ ഗാനം, കവിത എന്നിവയ്ക്കുള്ള അവാർഡുകൾ മറ്റാർക്കെങ്കിലും കൊടുക്കുക എന്നത് ചിന്തിക്കാൻ പോലും പറ്റാത്ത പാപമാണ്. നാഴികയ്ക്കു നാൽപ്പതു കവിത എന്ന കണക്കിനാണ് ഫ്ളോറിഡാക്കവിതയുടെ പിറവി. ഗാനങ്ങളുടെ കാര്യം പറയുകയും വേണ്ട. ക്രൈസ്തവ കൈരളിക്ക് മഹത്തായ സംഭാവന ചെയ്യുന്ന മഹാകപിയെ അവഗണിച്ചതു ശരിയായില്ല.

# വരുന്നൂ ചുമ്മാ ഡോ. കെ.സി.ജോൺ കാനഡയിൽ



ചുമ്മാ ഡോ. കെ.സി. ജോൺ കാനഡയിലെത്തുന്നു. 23-ാമത് വെസ്റ്റേൺ പെന്തക്കോസ്ത് കോൺഫ്രൻസിൽ പ്രസംഗിക്കാനാണ് ഈ മാന്യദേഹം എത്തുന്നത്.

കെ.സി.ജോണിന് അമേരിക്കൻ വൻകരയിൽ കാലു കുത്താൻ കഴിയാതായിട്ട് രണ്ടു വർഷമായി. വർഷത്തിൽ നാലും അഞ്ചും അമേരിക്കൻ യാത്രകൾ നടത്തിയിരുന്ന ഈ വീരന് ഇത്ര വലിയ ഒരു ഗതികേടുണ്ടാകുമെന്നു സ്വപ്നത്തിൽപ്പോലും കരുതിയിരുന്നില്ല. ഇക്കൊല്ലവും കാര്യമായ പ്രോഗ്രാമൊന്നുമില്ല. അതുകൊണ്ടാണ് സംഘാടകരുടെ കാലു പിടിച്ച് കാനഡയിൽ എത്തുന്നത്.

ജൂലൈ 7-10 തീയതികളിൽ നടക്കുന്ന കൺവൻഷനിലെ അഞ്ചു പ്രസംഗകരിൽ ഒരാളായിട്ടാണ് മഹാനായ കെ.സി. ജോൺ എത്തുന്നത്. അതുകൊണ്ട് ഇത് അത്ര വലിയ സംഭവമൊന്നുമല്ല. പിന്നെന്തിന് ഇത്ര ദൂരം യാത്ര ചെയ്ത് എത്തുന്നു? പറയാം: രണ്ടുവർഷമായി നിലനിൽക്കുന്ന കെട്ട് പൊട്ടിക്കുക, അമേരിക്കയിൽ കാലു കുത്തുക, ഇതാണു പ്രധാന ലക്ഷ്യം. ഇതു കൂടാതെ, മറ്റൊരു രഹസ്യ അജണ്ടയുമുണ്ട്. തികച്ചും അപ്രതീക്ഷിതമെന്ന ഭാവത്തിൽ പിണ്ണാക്കിലെത്തുക. പവ്വർ വിഷന്റെ പ്രൊമോഷനുവേണ്ടി വന്നതാണെന്നു പറയുക. 'ഐ.പി.സിയുടെ പ്രസിഡന്റല്ലേ വന്നിരിക്കുന്നത്, ഒരു ആശംസ പറയാൻ സമയം കൊടുക്കാം' എന്ന ന്യായം പറഞ്ഞ് പിണ്ണാക്കൻമാർ ഈ വിദ്വാനെ സ്റ്റേജിൽ കയറ്റും. അങ്ങനെ പിണ്ണാക്കിൽ പ്രസംഗിച്ചു എന്നു വരുത്തിത്തീർക്കാം.

പദ്ധതി ഒന്നാംതരം തന്നെ. പക്ഷേ കഥ അവിടംകൊണ്ടു തീരുകയില്ല. ഈ നീചനെ പിണ്ണാക്കിൽ പ്രസംഗിക്കാനോ ആശംസ പറയാനോ കയറ്റിയാൽ പിണ്ണാക്കൻമാർ വിവരമറിയും. കൺവീനർക്കും സെക്രട്ടറിക്കുമാണ് അസുഖം കലശലായിരിക്കുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്. അവർക്കു തലയിൽ മുണ്ടിടാനുള്ള കാലമായി എന്നു ചുരുക്കം.

പറയാനുള്ളതു ഡിഫെൻഡർ നേരെചൊവ്വേ പറയാം: കെ.സി.ജോൺ ഐ.പി.സിയുടെയോ ഉലകത്തിന്റെയോ പ്രസിഡന്റാണെങ്കിലും ദൈവമക്കളുടെ സമ്മേളനത്തിൽ പ്രസംഗിക്കാനോ ആശംസ പറയാനോ സമയം കൊടുക്കരുത്. വ്യഭിചാരികൾക്കു വിളയാടാനുള്ളതല്ല പിസിനാക്കിന്റെ സ്റ്റേജ്. കെ.സി.ജോണിനെ ആദരിച്ചേ മതിയാകൂ എന്നു നിർബ്ബന്ധമുണ്ടെങ്കിൽ കൺവീനറും സെക്രട്ടറിയുംകൂടി ഈ പുണ്യപുരുഷനെ സ്വന്തം വീടുകളിൽ കൊണ്ടുപോയി ആദരിക്കുക. ദൈവമക്കളുടെ പണം വ്യഭിചാരികൾക്കു കൊടുക്കരുത്. ദൈവമക്കളുടെ യോഗത്തിൽ കെ.സി. ജോണിനെപ്പോലുള്ളവർ പ്രസംഗിക്കാൻ ഇടയാകരുത്.

പിണ്ണാക്കൻമാർ ഈ പരമ നീചനെ സ്റ്റേജിൽ കയറ്റിയാൽ ദൈവമക്കൾ പ്രതികരിക്കണം. കെ.സി.ജോണിന്റെ പേര് പ്രോഗാമിലില്ല. പ്രഖ്യാപിച്ചിട്ടുള്ള പ്രോഗ്രാം അനുസരിച്ചു സമ്മേളനം നടക്കട്ടെ. തറവേലയിറക്കുന്നതു തടഞ്ഞേ മതിയാകൂ.



# മൊബൈൽ ഫോൺ വില്ലനാകുമ്പോൾ

മൊബൈൽ ഫോൺ വില്ലനാണോ? ആണെന്നു പറയാനാവില്ല. പക്ഷേ മൊബൈൽ ഫോണിന്റെ ദുരുപയോഗം ഇപ്പോൾ ഗുരുതരമായ പ്രശ്നങ്ങൾക്കു വഴിവച്ചിരിക്കയാണ്.

രണ്ടു പതിറ്റാണ്ടു മുമ്പുവരെ മിക്ക വീടുകളിലും ലാന്റ് ഫോൺ പോലും ഉണ്ടായിരുന്നില്ല. പണക്കാർക്കു മാത്രം ഉപയോഗിക്കാൻ കഴിയുന്ന ഒരു ആഡംബരവസ്തുവായിരുന്നു ലാന്റ് ഫോൺ. അതു ലഭിക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യവുമായിരുന്നു. പക്ഷേ ഒന്നര പതിറ്റാണ്ടു മുമ്പ് മൊബൈൽ ഫോൺ രംഗത്തെത്തി. പക്ഷേ ഇൻ കമിംഗ് കോളുകൾക്കുപോലും പണം കൊടുക്കേണ്ട സ്ഥിതിയായിരുന്നു ആദ്യകാലത്തുണ്ടായത്. അതുകൊണ്ട് സാധാരണക്കാർക്ക് മൊബൈൽ ഫോൺ അപ്രാപ്യമായിരുന്നു. എന്നാൽ ഇൻ കമിംഗ് കോളുകൾ ഫ്രീ ആകുകയും റിലയൻസ് ഫോൺ രംഗത്തെത്തുകയും ചെയ്തതോടെ സ്ഥിതി മാറി. 500 രൂപ മുടക്കിയാൽ ഹാന്റ് സെറ്റ് ഉൾപ്പെടെ എല്ലാം ലഭിക്കും എന്നു വന്നപ്പോൾ മിക്കവരും മൊബൈൽ ഫോൺ വാങ്ങി. ഇപ്പോൾ രണ്ടും മൂന്നും മൊബൈൽ ഫോണുകൾ മിക്കവർക്കുമുണ്ട്. ഇതുകൊണ്ട് ഒട്ടേറെ ഗുണങ്ങളുണ്ടാകുകയും ചെയ്തു.

മൊബൈൽ ഫോൺ, കമ്പ്യൂട്ടർ തുടങ്ങി എല്ലാവിധ ആധുനിക ഉപകരണങ്ങളെയും അന്ധമായി വിമർശിക്കുന്നവരുണ്ട്. അത്തരമൊരു നിലപാട് ഡിഫെൻഡറിനു സ്വീകരിക്കാൻ പറ്റില്ല. മൊബൈൽ ഫോണും കമ്പ്യൂട്ടറും മറ്റും ഉപയോഗിക്കുന്നതു തെറ്റല്ല. പക്ഷേ ഇവ ദുരുപയോഗം ചെയ്യുമ്പോഴാണു പ്രശ്നമുണ്ടാകുന്നത്.

വീട്ടിൽ ഒരു ലാന്റ് ഫോൺ മാത്രമുണ്ടായിരുന്ന കാലത്ത് രഹസ്യ സംഭാഷണം എന്നത് ഏറെക്കുറെ അസാധ്യമായിരുന്നു. വിളിച്ചാൽ ആരാകും ഫോണെടുക്കുക എന്നു പറയാനാവില്ല. ശബ്ദം കുറച്ചു സംസാരിച്ചാലും മറ്റുള്ളവർ കേട്ടെന്നുവരാം. ദീർഘനേരം സംസാരിക്കാനും പറ്റില്ല. പക്ഷേ മൊബൈൽ ഫോൺ എത്തിയതോടെ ഈ ബുദ്ധിമുട്ടുകളൊക്കെ ഇല്ലാതായി. ആരോടും സംസാരിക്കാം. എത്ര നേരം വേണമെങ്കിലും സംസാരിക്കാം. ആരും അറിയുകയില്ല. ക്ലാസ്സ് മുറിയിലിരുന്നുപോലും എസ്.എം.എസ്സ്. അയയ്ക്കാം. നല്ല ആവശ്യങ്ങൾക്കായി ഉപയോഗിച്ചാൽ ഇതൊക്കെ നല്ലതുതന്നെ. പക്ഷേ ഇവയുടെ ദുരുപയോഗം ഗുരുതരമായ പ്രശ്നങ്ങൾക്കു കാരണമാകുന്നു. ഹരിപ്പാട് സംഭവം തന്നെ നല്ല ഉദാഹരണം. മൊബൈൽ ഫോൺ അവരുടെ ജീവിതം തകർത്തു.

വിവാഹപൂർവ്വ ബന്ധങ്ങൾ പോലും പാപമായി പരിഗണിക്കുന്നവരാണു പെന്തക്കോസ്ത് വിശ്വാസികൾ. അങ്ങനെയിരിക്കെ വിവാഹിതയായ ഒരു സ്ത്രീ പരപുരുഷൻമാരുമായി ഇടപെടുന്നതിന് ഒരു നിയന്ത്രണവും പാലിച്ചില്ലെങ്കിൽ എന്താകും സ്ഥിതി. വിവാഹം നടന്നു കഴിഞ്ഞാൽ ഇരുവരും ഒരു ശരീരമായി മാറുകയാണ്. വിവാഹേതര ബന്ധം എന്നതു സ്വന്തം ശരീരത്തെ വഞ്ചിക്കലാണ്. ഇത്തരം പാപങ്ങളിൽ അകപ്പെട്ടാൽ ദൈവസഹായം പോലും ഉണ്ടാകില്ല.

പെന്തക്കോസ്തുകാരുടെ മക്കളിൽ നല്ലൊരു പങ്ക് വീണ്ടും ജനനം പ്രാപിച്ചിട്ടില്ല. ശരിയേത്, തെറ്റേത് എന്നു വിവേചിച്ചറിയാൻ അവർക്കു കഴിയുന്നില്ല. അതുകൊണ്ട് അവർക്കു വഴി തെറ്റുന്നു. മാതാപിതാക്കളോ ദൈവദാസൻമാരോ ഇതൊന്നും അറിയുന്നില്ല, അറിഞ്ഞാലും പ്രശ്നം അർഹിക്കുന്ന ഗൗരവത്തിൽ എടുക്കുന്നുമില്ല. ഗുരുതരമായ സ്ഥിതിവിശേഷമാണിത്.

ഈ വിഷയം ഇവിടെ വിശദീകരിക്കാൻ കാരണമുണ്ട്. ഹരിപ്പാട് സംഭവം നമുക്ക് ഒരു പാഠമാകണം. ഇത്തരം പ്രശ്നങ്ങൾ നമ്മുടെ വീട്ടിൽ ഉണ്ടാകാതിരിക്കാൻ ശ്രമിക്കണം. ചില മുൻകരുതലൊക്കെ എടുത്താൽ ഇത്തരം പ്രശ്നങ്ങൾ ഒരളവോളമെങ്കിലും പരിഹരിക്കാം.

തികച്ചും ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ മാത്രമേ കുട്ടികൾക്കു മൊബൈൽ ഫോൺ നൽകാവൂ. കുട്ടികൾ ഏതു വിധത്തിലാണ് ഫോൺ ഉപയോഗിക്കുന്നത് എന്നു ശ്രദ്ധിക്കുക. കുട്ടികൾ ദീർഘനേരം ഫോണിൽ സംസാരിക്കുകയോ സംഭാഷണം രഹസ്യമാക്കാൻ ശ്രമിക്കുകയോ ചെയ്താൽ സൂക്ഷിക്കുക. എന്തോ കുഴപ്പമുണ്ട്. സംശയിക്കത്തക്ക ലക്ഷണങ്ങൾ കണ്ടാൽ ഫോൺ പരിശോധിക്കുക. ആരോടാണ് അവർ സംസാരിക്കുന്നത്? ആരാണ് അവർക്ക് എസ്.എം.എസ്സ് അയയ്ക്കുന്നത്? അതു നിങ്ങൾ അറിയണം. കുട്ടികളുടെ സ്വകാര്യതയിൽ കടന്നുകയറുന്നതു ശരിയല്ലെങ്കിലും അവരുടെ രക്ഷക്ക് അത് ആവശ്യമാണെങ്കിൽ ചെയ്യാതെ പറ്റില്ലല്ലോ. അമേരിക്ക പോലുള്ള രാജ്യങ്ങളിൽ ഇങ്ങനെയൊക്കെ ചെയ്യാൻ കഴിഞ്ഞില്ലെന്നു വരാം. പക്ഷേ ഇന്ത്യയിൽ വലിയ ബുദ്ധിമുട്ടുകൂടാതെ നടപ്പിലാക്കാവുന്ന കാര്യമാണിത്. കുട്ടികളുടെ കൂട്ടുകെട്ട് ശരിയല്ലെന്നു കണ്ടാൽ എത്രയും വേഗം പരിഹാരമുണ്ടാക്കണം. സാത്താൻ അലറുന്ന സിംഹം പോലെ, ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു നടക്കുകയാണ്. നമ്മുടെ കുട്ടികൾ സാത്താന്റെ വായിൽ അകപ്പെടാൻ ഇടയാകരുത്. മാതാപിതാക്കളുടെ പ്രാർത്ഥന കുട്ടികൾക്കു കോട്ടയായിരിക്കണം. സ്വന്തം കുട്ടികൾക്കു വേണ്ടി മാത്രമല്ല സഭയിലുള്ള എല്ലാ കുട്ടികൾക്കും വേണ്ടി തികഞ്ഞ ആത്മാർത്ഥതയോടെ പ്രാർത്ഥിക്കണം. നാം ശ്രദ്ധിച്ചാൽ പ്രശ്നങ്ങൾ ഒരു പരിധിവരെയെങ്കിലും ഒഴിവാക്കാൻ കഴിയും.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** യോഹന്നാൻ സ്നാപകൻ നൽകിയ സ്നാനവും ക്രിസ്തീയ ജലസ്നാനവും ഒന്നാണോ? കർത്താവായ യേശുക്രിസ്തു സ്നാനമേറ്റതെന്തിന്?

■ സ്നാനം എന്ന പരിപാടി ആരംഭിച്ചതു യോഹന്നാൻ ആണ് എന്നൊരു തെറ്റിദ്ധാരണ നിലവിലുണ്ട്. ആദ്യമായി അതു തിരുത്തുക. യോഹന്നാൻ ശുശ്രൂഷ ആരംഭിച്ച കാലത്ത് മറ്റു ചില സ്നാനങ്ങൾ നിലവിലുണ്ടായിരുന്നു. അതുകൊണ്ടാണ് പരീശൻമാരും മറ്റും സ്നാനം എന്ന പരിപാടി തെറ്റാണെന്നു പറയാൻ ധൈര്യപ്പെടാതിരുന്നത്.

യഹോവയായ ദൈവം മാത്രമാണു സത്യദൈവമെന്നും ന്യായപ്രമാണം അനുസരിച്ചു ജീവിക്കണമെന്നും മറ്റും ജാതികളുടെ ഇടയിൽ പ്രസംഗിക്കുന്ന യഹൂദ മതപ്രചാരകർ അക്കാലത്തുണ്ടായിരുന്നു. ഇത്തരക്കാരുടെ പ്രവർത്തന ഫലമായി നിരവധി ആളുകൾ യഹൂദമതം സ്വീകരിക്കുകയും ചെയ്തിരുന്നു. ഇത്തരക്കാരെ സ്നാനം നൽകിയാണ് യഹൂദമതത്തിൽ ചേർത്തിരുന്നത്. പരിഛേദന, വിവിധതരം യാഗങ്ങൾ തുടങ്ങിയവയും ഇവർ നടത്തേണ്ടതുണ്ടായിരുന്നു.

മതത്തിൽ ചേർക്കാൻ മാത്രമല്ല സ്നാനം ഉപയോഗിച്ചിരുന്നത്. പാപങ്ങൾ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചശേഷം ഒരു പുതിയ ജീവിതം നയിക്കാൻ തീരുമാനിക്കുന്ന യഹൂദർ സ്നാനമേറ്റിരുന്നു. ഒരുതരം മാനസാന്തര സ്നാനമായിരുന്നു ഇത്.

യോഹന്നാൻ ജനിക്കുതിന് മുമ്പുതന്നെ Essenes എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന ഒരു യഹൂദ വിഭാഗം സ്നാനം നടത്തിയിരുന്നു. യഹൂദ സന്യാസിമാരായിരുന്നു ഇവർ എന്നു പറയാം. ചാവുകടൽ ചുരുളുകൾ ഇവരുടെ ഗ്രന്ഥശേഖരമായിരുന്നു. യോഹന്നാൻ സ്നാപകൻ ഈ സംഘത്തിലെ അംഗമായിരുന്നു എന്നും വ്യാഖ്യാനമുണ്ട്.

സ്നാനം നടത്തുവാൻ യോഹന്നാനെ അയച്ചതു ദൈവമായിരുന്നു എന്നതിനു സംശയമില്ല. യോഹന്നാൻ പറയുന്നു: ''ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സ്നാനം കഴിപ്പിക്കുവാൻ എന്നെ അയച്ചവൻ എന്നോട്: ആരുടെമേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു.'' (യോഹ.1:33)

ഏതു തരത്തിലുള്ള സ്നാനമായിരുന്നു യോഹന്നാൻ നൽകിയിരുന്നത്? അതു മാനസാന്തരസ്നാനം മാത്രമായിരുന്നു. തന്റെ പിന്നാലെ വരുന്നവനു വേണ്ടി വഴി ഒരുക്കുക മാത്രമായിരുന്നു ലക്ഷ്യം. പൗലൊസ് പറയുന്നു: ''യോഹന്നാൻ മാനസാന്തരസ്നാനമത്രേ കഴിപ്പിച്ചു, തന്റെ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കണം എന്ന് ജനത്തോടു പറഞ്ഞു.'' പ്രവൃ.19:4

യോഹന്നാന്റെ സ്നാനവും ക്രിസ്തീയ ജലസ്നാനവും തമ്മിൽ കാതലായ വ്യത്യാസമുണ്ട്. അതുകൊണ്ടാണ് യോഹന്നാന്റെ സ്നാനം ഏറ്റവരെ പൗലൊസ് വീണ്ടും സ്നാനപ്പെടുത്തിയത്. യോഹന്നാന്റെ സ്നാനം കേവലം മാനസാന്തരസ്നാനമായിരുന്നു. അതുകൊണ്ട് മാനസാന്തരപ്പെടുന്ന ഏതു വ്യക്തിക്കും യോഹന്നാന്റെ സ്നാനം സ്വീകരിക്കാൻ കഴിയുമായിരുന്നു. എന്നാൽ ക്രിസ്തീയ ജലസ്നാനം വീണ്ടും ജനനം പ്രാപിച്ചവർക്ക്- രക്ഷിക്കപ്പെട്ടവർക്ക്- മാത്രമേ സ്വീകരിക്കാൻ അനുവാദമുള്ളൂ. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചശേഷം മാത്രമേ ക്രിസ്തീയ ജലസ്നാനം സ്വീകരിക്കാവൂ. കർത്താവു കല്പിച്ചതുപോലെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് ക്രിസ്തീയ ജലസ്നാനം നൽകേണ്ടത്.

കർത്താവായ യേശുക്രിസ്തു എന്തിനു സ്നാനമേറ്റു എന്നതാണ് മറ്റൊരു പ്രശ്നം. ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരം ബൈബിളിലില്ല. എങ്കിലും അത് തികച്ചും ആവശ്യമായിരുന്നു എന്നതിനു സംശയമില്ല. യേശു സ്നാനമേൽക്കേണ്ട ആവശ്യമില്ല എന്നു യോഹന്നാൻ പോലും പറയുകയുണ്ടായി. അതിന് യേശു ''ഇപ്പോൾ സമ്മതിക്കുക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതം'' എന്ന മറുപടിയാണു നൽകിയത്. ഇങ്ങനെ പറയുന്നതിലൂടെ യേശു എന്താണ് അർത്ഥമാക്കിയത് എന്നു വ്യക്തമല്ല. അർത്ഥം എന്തുതന്നെ ആയാലും യേശു സ്നാനമേൽക്കണമെന്നതു ദൈവഹിതമാണ് എന്ന അർത്ഥത്തിലാണ് ഈ വാക്കുകൾ പറഞ്ഞത് എന്നതിനു സംശയമില്ല. തുടർന്നു നടന്ന സംഭവങ്ങളും ഇതു തെളിയിക്കുന്നു. ''ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' എന്നു പിതാവായ ദൈവം പറഞ്ഞു എന്നതു ചെറിയ കാര്യമല്ല. കർത്താവായ യേശു പോലും സ്നാനമേറ്റെങ്കിൽ സാധാരണക്കാരായ മനുഷ്യർക്ക് സ്നാനം ഒഴിവാക്കാൻ കഴിയുമോ?

ക്രിസ്തീയ ജലസ്നാനം എന്നത് ദൈവസഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങളിൽ ഒന്നാണ്. അബ്രഹാമും ദാവീദും ക്രൂശിലെ കള്ളനും മറ്റും ദൈവസഭയിലെ അംഗങ്ങളല്ല. അതുകൊണ്ടാണ് അവർ സ്നാനമേൽക്കാതിരുന്നത്.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറി ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല. ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകങ്ങളിൽ നിന്നു സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. എല്ലാം കൂടി നാലുലക്ഷത്തിൽ അധികം പേജുകൾ. പുസ്തക രൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും. എങ്കിലും 40 സി.ഡികൾ അടങ്ങുന്ന ഒരുസെറ്റ് ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്കു ലഭിക്കും.

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. ആയിരക്കണക്കിനു രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ഇതാ ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ-അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല. ആകെ 10 സി.ഡികൾ. വില: 900 രൂപ. പോസ്റ്റേജ് സൗജന്യം.

വീട്ടിൽ ഒരു റഫറൻസ് ലൈബ്രറിക്ക് 1900 രൂപയും ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപയുമാണു വില. (വിദേശത്ത് യഥാക്രമം 80 ഡോളർ, 50 ഡോളർ). എന്നാൽ രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങുന്നവർ 1900+900 =2800ന് പകരം 2500 രൂപ നൽകിയാൽ മതിയാകും. വിദേശത്ത് രണ്ടു സെറ്റുകൾക്കുംകൂടി 100 ഡോളർ മാത്രം. പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ 2500 രൂപയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. പണം അയയ്ക്കാനുള്ള വിലാസവും മറ്റും അവസാന പേജിലുള്ള പരസ്യത്തിലുണ്ട്.

# അദൃശ്യലോകത്തെ അത്ഭുതജീവികൾ

ദൈവദൂതൻമാർ മനുഷ്യശരീരം സ്വീകരിച്ച് ഭൂമിയിൽ എത്തുകയും മനുഷ്യസ്ത്രീകളെ വിവാഹം കഴിക്കയും ചെയ്തു എന്ന സിദ്ധാന്തം എത്രത്തോളം വിശ്വാസ്യമാണ് എന്ന വിഷയമാണ് കഴിഞ്ഞ ലക്കത്തിൽ പരിശോധിച്ചുകൊണ്ടിരുന്നത്. താഴെ പറയുന്ന വസ്തുതകൾ ഏവരും അംഗീകരിക്കാതെ തരമില്ല.

1. ദൈവദൂതൻമാരെ ദൈവപുത്രൻമാർ എന്നു ബൈബിളിൽ വിളിക്കുന്നുണ്ട്.

2. ദൂതൻമാർക്കു പുരുഷശരീരം സ്വീകരിക്കാൻ കഴിയും. അങ്ങനെ ചെയ്യുമ്പോൾ അവർ യഥാർത്ഥ പുരുഷൻമാരെപ്പോലെ ആയിരിക്കും.

3. തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടു പോന്ന ഒരുകൂട്ടം ദൂതൻമാരെക്കുറിച്ചു ബൈബിൾ പരാമർശമുണ്ട്. ഇവർ ദുർന്നടപ്പാചരിച്ചു എന്നും ബൈബിൾ വ്യക്തമാക്കുന്നു. ഇവർ ഇപ്പോൾ ടാർട്ടാറസ്സിൽ ബന്ധനത്തിലാണ്.

4. ഉല്പ.6ൽ പറയുന്ന ദൈവപുത്രൻമാർ ദൂതൻമാരാകാനാണു സാധ്യത. എതിർന്യായങ്ങളൊന്നും നിലനിൽക്കില്ല.

ഇതാണു വസ്തുതയെങ്കിലും സ്ത്രീകൾ ശിരോവസ്ത്രം ധരിക്കണം എന്നു പൗലൊസ് പറയുന്നത് ഈ കാരണത്താലല്ല. പുരുഷനു സ്ത്രീ കീഴ്പ്പെട്ടിരിക്കണം എന്ന വിഷയം ചർച്ച ചെയ്യുന്നതിനിടയിലാണു പൗലൊസ് ഈ വിഷയം എടുത്തിടുന്നത്. സ്ത്രീ ശിരോവസ്ത്രം ധരിക്കുന്നത് പുരുഷനോടുള്ള വിധേയത്വം പ്രകടിപ്പിക്കാനാണ്. ദൂതൻമാരുടെ സാന്നിദ്ധ്യമുള്ള ആരാധനായോഗങ്ങളിലും മറ്റും സ്ത്രീകൾ പുരുഷനോടുള്ള വിധേയത്വം പ്രകടിപ്പിക്കാതിരിക്കുന്നത് അനുചിതമാണ്. പൗലൊസ് പറയുന്നതിന്റെ രത്നച്ചുരുക്കം ഇതാണ് എന്നു തോന്നുന്നു.

ഭൂതങ്ങൾ എങ്ങനെയുണ്ടായി എന്ന വിഷയത്തോടുള്ള ബന്ധത്തിലാണ് ദൈവപുത്രൻമാരെക്കുറിച്ചു പരാമർശിക്കേണ്ടതായി വന്നത്. തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തം വാസസ്ഥലം വിട്ടുപോയ ദൂതൻമാർ ഇപ്പോൾ ടാർട്ടാറസ്സിൽ ബന്ധനത്തിലാണ്. അതുകൊണ്ട് ഈ ദൂതൻമാരാണു ഭൂതങ്ങൾ എന്ന വാദത്തിൽ കഴമ്പില്ല.

ദൂതൻമാർക്കു ശരീരമുണ്ട്. ലൂസിഫറും കൂട്ടരും കേവലം ആത്മാക്കൾ മാത്രമല്ല. അതുകൊണ്ട് ഭൂതങ്ങൾ - അശുദ്ധാത്മാക്കൾ - ലൂസിഫറിനോടൊപ്പം ദൈവത്തെ വിട്ടുപോയ ദൂതൻമാരാകാനുള്ള സാധ്യത കുറവാണ്. മരിച്ചുപോയ മനുഷ്യരുടെ ആത്മാക്കളാണു ഭൂതങ്ങൾ എന്ന വാദവും ശരിയല്ല. മരിച്ചുപോയ മനുഷ്യരുടെ ആത്മാക്കൾക്ക് അലഞ്ഞു നടക്കാൻ കഴിയുകയില്ല എന്നതുതന്നെ കാരണം. ഈ വിഷയം 'മരിച്ചവർ എവിടെ' എന്ന പുസ്തകത്തിൽ വിശദീകരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

ഭൂതങ്ങൾക്കു ശരീരമില്ല എന്നു കർത്താവുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഭൂതങ്ങളെ അശുദ്ധാത്മാക്കൾ എന്നു വിളിക്കുന്നതും ഈ കാരണത്താലത്രേ. ദൈവം കുറെ ആത്മാക്കളെ സൃഷ്ടിച്ചു എന്നാണോ ഇതിനർത്ഥം? അങ്ങനെ പറയാൻ തിരുവചനത്തിൽ ആധാരമില്ല. ശരീരവും ആത്മാവും ഉള്ളവരായി ദൈവം സൃഷ്ടിച്ചവർ ഇപ്പോൾ ശരീരം നഷ്ടപ്പെട്ട് കേവലം ആത്മാക്കളായി അലയുന്നു എന്നു പറയുകയാകും ശരി. അതുകൊണ്ടാകാം ഈ ആത്മാക്കൾ മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും ശരീരത്തിനുള്ളിൽ കയറാൻ ഇഷ്ടപ്പെടുന്നത്. ഭൂതബാധ എന്ന വിഷയത്തെക്കുറിച്ചു വിശദീകരിക്കുമ്പോൾ ഈ വിഷയം ആഴത്തിൽ പഠിക്കാം.

ഭൂമി പാഴും ശൂന്യവും ആയിത്തീരുന്നതിനു മുമ്പുള്ള കാലത്ത് ഈ ഭൂമിയിൽ വസിച്ചിരുന്ന ശ്രേഷ്ഠജാതികളുടെ ആത്മാക്കളാണ് ഭൂതങ്ങൾ എന്ന സിദ്ധാന്തം ശരിയാണോ? ആയിരിക്കാം. പക്ഷേ ദൈവവചനം അങ്ങനെ പറയുന്നില്ല. അതുകൊണ്ട് ഇതു വെറും അനുമാനം മാത്രമായി കരുതിയാൽ മതി. സാത്താന്റെ വഞ്ചനയിൽ അകപ്പെട്ട് ദൈവത്തോടു മത്സരിച്ച ഈ ജനം ഇപ്പോൾ ശരീരമില്ലാതെ അലയുകയാകാം. ഏതായാലും ഈ സിദ്ധാന്തം വേദവാക്യമായി എടുക്കുകയോ വിശ്വാസപ്രമാണത്തിന്റ ഭാഗമാക്കുകയോ വേണ്ട. ഭൂതബാധയെക്കുറിച്ച് പിന്നീടു വിശദമായി പഠിക്കുമ്പോൾ ഈ വിഷയം പഠനവിധേയമാക്കാം.

ഭൂതങ്ങൾ എങ്ങനെയുണ്ടായി എന്ന വിഷയമാണ് ഇതുവരെ വിശദീകരിച്ചുകൊണ്ടിരുന്നത്. പക്ഷേ ഈ ചോദ്യത്തിനു വ്യക്തമായ ഉത്തരം ബൈബിളിൽ കണ്ടെത്താൻ പറ്റില്ല എന്നു വ്യക്തമായി. ബൈബിളിനു വെളിയിലുള്ള ഏതെങ്കിലും ഗ്രന്ഥങ്ങളോ കെട്ടുകഥകളോ ഊഹങ്ങളോ വച്ച് വിശ്വാസപ്രമാണമുണ്ടാക്കാനും പറ്റില്ല. അതുകൊണ്ട് ഭൂതങ്ങൾ എങ്ങനെയുണ്ടായി എന്നു കണ്ടെത്താനുള്ള ശ്രമം തൽക്കാലം ഉപേക്ഷിക്കാം. ഉണ്ടായതെങ്ങനെയായാലും ഭൂതങ്ങളുണ്ട് എന്നതാണ് പ്രാധാന്യമുള്ള വിഷയം. ഭൂതങ്ങൾ സാത്താന്റെ രാജ്യത്തെ പ്രജകളാണെന്നതും അവ സാത്താനുവേണ്ടിയാണു ജോലി ചെയ്യുന്നത് എന്നതും ഗൗരവമുള്ള കാര്യങ്ങളാണ്.

ഇതുവരെയുള്ള പഠനങ്ങളുടെ ഫലമായി നാം മനസ്സിലാക്കിയതിന്റെ രത്നച്ചുരുക്കം ഇവയാണ്.

1. മിഖായേൽ, ഗബ്രിയേൽ എന്നിവർ ശ്രേഷ്ഠ ദൂതൻമാരാണ്. ഇവരെ കൂടാതെ അസംഖ്യം ദൂതൻമാർ വേറെയുമുണ്ട്.

2. ലൂസിഫറും ഒരു പ്രധാന ദൂതനായിരുന്നു. എങ്കിലും അവൻ ദൈവത്തോടു മത്സരിച്ചു, ദൈവമാകാൻ ശ്രമിച്ചു. അതുകൊണ്ട് ദൈവം അവനെയും അവനു പിൻതുണ കൊടുത്ത മറ്റു ദൂതൻമാരെയും തള്ളിക്കളഞ്ഞു. അവരാണ് സാത്താനും അവന്റെ ദൂതൻമാരും.

3. തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തം വാസസ്ഥലം വിട്ടുപോയ ദൂതൻമാർ എന്നൊരു ഗ്രൂപ്പുമുണ്ട്. അവർ ഇപ്പോൾ ടാർട്ടാറസിൽ ബന്ധനത്തിലാണ്.

4. ഭൂതങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന ദുരാത്മാക്കൾ എങ്ങനെയുണ്ടായി എന്നു തിരുവചനം വ്യക്തമായി പറയുന്നില്ല. എന്നാൽ ഭൂതങ്ങൾക്കു ശരീരമില്ലെന്നു കർത്താവു വ്യക്തമാക്കിയിട്ടുണ്ട്. ഇവ മനുഷ്യരുടെയും മറ്റു ജീവികളുടെയും ശരീരത്തിലുള്ളിൽ വസിക്കാൻ ഇഷ്ടപ്പെടുന്നു.

അദൃശ്യലോകത്തെ അത്ഭുതജീവികളെക്കുറിച്ചാണു നാം പഠിച്ചു വരുന്നത്. ദൈവത്തെ അനുസരിച്ചു ജീവിക്കുന്ന വിവിധതരം ദൈവദൂതൻമാർ, ദൈവത്തിന്റെ ശത്രുക്കളായ സാത്താനും അവനെ അനുസരിക്കുന്ന അദൃശ്യജീവികളും എന്നിങ്ങനെ അദൃശ്യജീവികളെ രണ്ടായി തിരിക്കാം. ദൈവദൂതൻമാരെക്കുറിച്ച് ചില കാര്യങ്ങൾ കൂടി പറഞ്ഞിട്ട് സാത്താനെക്കുറിച്ചും അവന്റെ ദൂതൻമാരെക്കുറിച്ചും പഠിക്കാം.

ദൈവദൂതൻമാർ ദൈവത്തെ മാത്രമേ അനുസരിക്കൂ എന്ന് നാം അറിഞ്ഞിരിക്കണം. ദൂതൻമാരെ വാഴക്കുലയ്ക്കു കാവൽ നിർത്തിയതായും മറ്റുമുള്ള കഥകൾ മുഖവിലയ്ക്കെടുക്കേണ്ടതില്ല എന്നു ചുരുക്കം.

ഗബ്രിയേൽ ദൈവത്തിന്റെ ദൂതുമായി പലർക്കും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. മിഖായേൽ ദൈവത്തിന്റെ സൈന്യത്തിന്റെ അധിപനെന്ന നിലയിലും പ്രത്യക്ഷപ്പെടുന്നു. ദൈവദൂതൻമാർ ദൈവത്തെ ആരാധിക്കുന്നതായും നാം കാണുന്നുണ്ട്. ദൂതൻമാർ ''രക്ഷ പ്രാപിക്കുവാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ'' എന്ന് എബ്രായ ലേഖനത്തിലും കാണുന്നു. (എബ്രാ.1:14) ഇതൊക്കെയാണ് ദൂതൻമാരുടെ ജോലികൾ എന്നു കരുതാം.

സാത്താനും അവന്റെ ദൂതൻമാരും എന്താണു ചെയ്യുന്നത്? അല്പം വിശദമായി പഠിക്കേണ്ട വിഷയമാണിത്.

ദൈവദൂതനായിരുന്ന ലൂസിഫർ എന്തുകൊണ്ടു വീണുപോയി? അഹങ്കാരം നിമിത്തം എന്നു പൗലൊസ് വ്യക്തമാക്കുന്നു. (1തിമോ.3:6) അവന്റെ ശക്തിയും സൗന്ദര്യവും നിമിത്തം അവൻ സ്വയം മറന്നു. ദൈവത്തെപ്പോലെയാകുവാൻ അവൻ മോഹിച്ചു. ദൈവത്തിനു ലഭിക്കുന്ന ആരാധന അവനു ലഭിക്കണം എന്ന് അവൻ ആഗ്രഹിച്ചു. അങ്ങനെയാണ് അവൻ വീണുപോയത്. ''ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതേ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിൻമേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതേ കയറും; ഞാൻ അത്യുന്നതനോടു സമനാകും'' എന്നാണ് അവൻ പറഞ്ഞത്. (യെശ.14:13-14) ദൈവത്തെപ്പോലെയാകുക, ദൈവത്തിനു ലഭിക്കുന്ന ആരാധന നേടിയെടുക്കുക- ഇതാണു സാത്താന്റെ ലക്ഷ്യം. എതിർക്രിസ്തുവിന്റെ ഭരണകാലത്തു സാത്താൻ ''ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ച്, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി'' എന്ന നിലയിൽ വെളിപ്പെടും. (2തെസ്സ.2:4).

ദൈവത്തിനു ലഭിക്കേണ്ട ആരാധന എങ്ങനെയാണു സാത്താൻ തട്ടിയെടുക്കുക? വഞ്ചനയിലൂടെ, ചതിയിലൂടെ. സാത്താൻ ഹവ്വയെ പാപത്തിൽ വീഴ്ത്തിയതു ചതിയിലൂടെയാണെന്നു പൗലൊസ് പറയുന്നു: ''സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ'' എന്നാണല്ലോ പൗലോസ് കൊരിന്ത്യർക്ക് എഴുതുന്നത്. (2കൊരി.11:3) സകല മനുഷ്യരെയും സാത്താൻ വഞ്ചിക്കയാണു ചെയ്യുന്നത് എന്നു വെളിപ്പാട് പുസ്തകത്തിലും കാണാം. ''അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും; അവർ എന്നെന്നേക്കും രാപകൽ ദണ്ഡനം സഹിക്കേണ്ടിവരും.'' (വെളി. 20:10)

സാത്താൻ ഏങ്ങനെയാണു മനുഷ്യരെ വഞ്ചിക്കുന്നത്? ഭോഷ്ക്കിലൂടെ, ഡ്യൂപ്ലിക്കേറ്റുകളിലൂടെ. യഥാർത്ഥ ദൈവത്തിനു പകരം അവൻ വ്യാജ ദൈവങ്ങളെയുണ്ടാക്കുന്നു. യഥാർത്ഥ രക്ഷയ്ക്കു പകരമായി വിവിധതരം രക്ഷകളുണ്ടാക്കും. ഏകമാർഗ്ഗമായ യേശുവിനു പകരം സാത്താൻ നൂറുകണക്കിനു വ്യാജ വഴികളുണ്ടാക്കുകയും ചെയ്യും. ശരിയേത്, തെറ്റേത് എന്നറിയാതെ മനുഷ്യർ കുഴയും. ഇതാണു സാത്താന്യതന്ത്രം.

കൃപയാൽ, യേശുവിലുള്ള വിശ്വാസത്താൽ, തികച്ചും സൗജന്യമായി ലഭിക്കുന്ന രക്ഷയെക്കുറിച്ചു സാത്താൻ പറയുകയില്ല. എന്തെങ്കിലുമൊക്കെ ചെയ്ത് രക്ഷ പ്രാപിക്കുക എന്നാണു സാത്താൻ പറയുക. രക്ഷ എന്നതു ദൈവത്തിന്റെ ദാനമാണ് എന്ന വസ്തുത സാത്താൻ ജനത്തെ അറിയിക്കയില്ല. ''ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി'' എന്നു പൗലൊസ് പറയുന്നത് ഈ അർത്ഥത്തിലാണ്.

## സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയേപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ.
വിദേശത്ത് - 100 ഡോളർ. പോസ്റ്റേജ് സൗജന്യം.

<u>ലൈബ്രറി സി.ഡികൾ</u>:

1. വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി - 1900 രൂപ
2. ലൈബ്രറി ഓഫ് തിയോളജി - 900 രൂപ

രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങിയാൽ 2500 രൂപ മാത്രം. വിദേശത്തുള്ളവർ രണ്ടു സെറ്റുകൾക്ക് 100 ഡോളർ അയയ്ക്കുക. (1900 രൂപ നൽകി വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി വാങ്ങിയിട്ടുള്ളവർ ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപക്കു പകരം 600 രൂപ മാത്രമേ നൽകേണ്ടതുള്ളൂ.).

എല്ലാ സി.ഡികളും ഒന്നിച്ചു വാങ്ങുന്നവർ 4600രൂപയ്ക്കു പകരം 4000 രൂപ നൽകിയാൽ മതിയാകും. വിദേശം: $200 എല്ലാ സി.ഡികൾക്കും പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (ഗൾഫിലേക്കു സി.ഡി അയയ്ക്കുന്നതു സുരക്ഷിതമല്ല).

വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542



# യുക്തിരഹിതമായ സമ്പർക്ക മാധ്യമങ്ങൾ

ദൈവവേവലയ്ക്കായി പണം നൽകിയാൽ നൂറുമടങ്ങ് മടക്കിക്കിട്ടും എന്ന പഠിപ്പിക്കൽ തിരുവചന വെളിച്ചത്തിൽ ശരിയല്ല. ഈ തന്ത്രത്തിന് ആധാരമായി ഗ്ലോറിയാ കൊപ്ലാന്റിനെപ്പോലെയുള്ളവർ മർക്കോസ് 10:29-30 ഉദ്ധരിക്കാറുണ്ട്. ''അതിനു യേശു: എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരൻമാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ, ഈ ലോകത്തിൽ തന്നേ, ഉപദ്രവങ്ങളോടുംകൂടെ, നൂറുമടങ്ങു വീടുകളെയും സഹോദരൻമാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.'' ഇതാണ് ഈ വാക്യത്തിൽ കാണുന്നത്. എന്നാൽ ഈ വേദഭാഗത്തിന്റെ യഥാർത്ഥ അർത്ഥം ആർക്കും തെറ്റുപറ്റാത്തത്ര ലളിതമാണ്. ആ അധ്യായം മുഴുവൻ അതിലെ സാഹചര്യം മനസ്സിലാക്കി വായിച്ചുനോക്കൂ. അപ്പോൾ അതിന്റെ അർത്ഥം അതിവേഗം നിങ്ങൾക്കു വ്യക്തമാകും.

പീഡനം ഉണ്ടാകും എന്ന് 30-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന ഭാഗം ഗ്ലോറിയ സൗകര്യപൂർവ്വം വിട്ടുകളയുന്നു. മാത്രമല്ല അഞ്ചു വാക്യങ്ങൾക്കുമുമ്പ് അതായത് 10:25-ൽ ധനവാൻ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പമെന്ന് യേശു നൽകിയ മുന്നറിയിപ്പും ഗ്ലോറിയ മറന്നുകളയുന്നു.

മർക്കോസ് പത്താം അധ്യായം നിക്ഷേപത്തിനുള്ള നിർദ്ദേശങ്ങൾ നൽകുന്ന ഒന്നല്ല. മറിച്ച് ധനത്തിന്റെ കാപട്യത്തെ വെളിവാക്കുന്നതിനാണ് അത് ഉപയോഗിച്ചിരിക്കുന്നത്. മർക്കോസ് 10:30-ൽ പറഞ്ഞിരിക്കുന്ന നൂറുമടങ്ങു വർദ്ധന ഭൗതികമല്ല, ആത്മീയമാണ്. അക്ഷരാർത്ഥത്തിലല്ല, ആലങ്കാരിക ഭാഷയിലുള്ളതാണ്. 50-ാം സങ്കീർത്തനത്തിൽ ദാവീദും ഈ രീതി ഉപയോഗിക്കുന്നതായി കാണാം. പർവ്വതത്തിലെ ആയിരമായിരം ജന്തുക്കളും എനിക്കുള്ളവ എന്ന് പറയുമ്പോൾ കേവലം ആയിരമായിരം ജന്തുക്കൾ മാത്രം എന്നല്ല സകല ജന്തുക്കളും യഹോവയ്ക്കുള്ളത് എന്നാണ് അർത്ഥമാക്കുന്നത്. (ഇംഗ്ലീഷിൽ ആയിരം കുന്നുകളിലെ ജന്തുക്കൾ എന്നു കാണുന്നു).

മർക്കോസ് 10:30-ൽ യേശു പറഞ്ഞതിനെ അക്ഷരാർത്ഥത്തിൽ എടുത്താൽ അതിനെ തികച്ചും യുക്തിഹീനമായ ഒന്നാക്കി മാറ്റുകയാണു ചെയ്യുന്നത്. അക്ഷരാർത്ഥത്തിലാണെങ്കിൽ ഒരു വീടിനു പകരം നൂറു വീടുകളും ഒരു ഭാര്യയ്ക്കു പകരം 100 ഭാര്യമാരെയും യേശു തരേണ്ടിവരും. നിങ്ങളുടെ കാര്യം എനിക്കറിയില്ല. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരവസ്ഥ അമിതമായ ഒന്നാണെന്നു തോന്നുന്നു.

വിശ്വാസപ്രസ്ഥാനക്കാരായ പ്രസംഗകർ തങ്ങൾ ഏതെങ്കിലും വിധത്തിൽ ഉപയോഗിച്ചിട്ടുള്ളതോ സ്പർശിക്കയെങ്കിലും ചെയ്തിട്ടുള്ളതോ ആയ കർച്ചീഫ് പോലുള്ള സാധനങ്ങൾ അത്ഭുതങ്ങൾക്കുള്ള സമ്പർക്ക മാധ്യമങ്ങളായി ഉപയോഗിക്കാറുണ്ട്. വിശ്വാസ പ്രസ്ഥാനക്കാർ ഉപയോഗിക്കുന്ന രീതിയിൽ ഇത്തരം സമ്പർക്ക മാധ്യമങ്ങൾ അപ്പൊസ്തലനായ പൗലോസും മറ്റും ഉപയോഗിച്ചിരുന്നു എന്നു കാണിക്കുവാൻ പ്രവൃത്തികളുടെ പുസ്തകത്തിലെ 19-ാം അധ്യായം 11, 12 വാക്യങ്ങൾ അവർ പലപ്പോഴും ഉദ്ധരിക്കാറുണ്ട്. പ്രസ്തുത വേദഭാഗത്തിലൂടെ കണ്ണോടിച്ചാൽ ഈ വാദഗതി ശരിയല്ല എന്ന് ഒറ്റ നോട്ടത്തിൽത്തന്നെ വ്യക്തമാകും.

''ദൈവം പൗലോസ് മുഖാന്തരം അസാധാരണമായ വീര്യ പ്രവൃത്തികളെ ചെയ്യിക്കയാൽ അവന്റെ മെയ്മേൽ നിന്ന് റൂമാലും ഉത്തരീയവും രോഗികളുടെമേൽ കൊണ്ടുവന്നിടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മാക്കൾ പുറപ്പെടുകയും ചെയ്തു''.

ഇവിടെ പ്രധാനമായും വ്യക്തമാകുന്ന കാര്യം പണത്തെക്കുറിച്ച് ഈ ഭാഗത്ത് ഒന്നും പറയുന്നില്ല എന്നതാണ്. സമ്പർക്ക മാദ്ധ്യമം എന്ന നിലയിൽ റൂമാലോടുകൂടെ പണം കൊടുത്തയയ്ക്കണം എന്ന് ഒരിടത്തും പൗലോസ് ആവശ്യപ്പെടുന്നില്ല. മറിച്ച് പണം കൊടുത്ത് ദൈവത്തെക്കൊണ്ട് അത്ഭുതങ്ങളെ ചെയ്യിക്കാം എന്ന് ചിന്തിക്കുന്നവർക്ക് ബൈബിൾ ശക്തമായ താക്കീതു നൽകുന്നുമുണ്ട്. ഇതിന് വളരെ വ്യക്തമായ ഉദാഹരണമാണ് പ്രവൃത്തികൾ 8:20-ൽ കാണുന്നത്. പണം കൊടുത്ത് പരിശുദ്ധാത്മ സ്നാനം പ്രാപിക്കുവാൻ ശ്രമിച്ച ശീമോനോട് ''ദൈവത്തിന്റെ ദാനം പണം കൊടുത്തു വാങ്ങിക്കൊള്ളാം എന്നു നിരൂപിക്കകൊണ്ട് നിന്റെ പണം നിന്നോടുകൂടെ നശിച്ചുപോകട്ടെ'' എന്നാണ് പത്രോസ് പറഞ്ഞത്.

അടുത്തതായി, പ്രവൃത്തികളുടെ പുസ്തകം 19-ാം അധ്യായത്തിൽ സൗഖ്യം പ്രാപിച്ചവർ തങ്ങളുടെ വിശ്വാസത്തെ പ്രദർശിപ്പിച്ചു എന്ന പരാമർശം കാണുന്നില്ല. മാത്രമല്ല ''അവർ തങ്ങളുടെ സമ്പർക്ക മാദ്ധ്യമങ്ങളെ വിത്തു വിശ്വാസ സമ്മാനങ്ങളോടുകൂടെ പൗലോസിന് അയച്ചുകൊടുത്തു'' എന്നോ പ്രവൃത്തികൾ 19-ാം അദ്ധ്യായത്തിൽ കാണുന്നതുപോലെയുള്ള അഭിഷേക ശക്തി അവരുടെമേൽ പകർന്ന് മെറിലിൻ ഹിക്കിയുടെ ശൈലിയിൽ അവർക്കായി പ്രാർത്ഥിച്ചു എന്നോ സൂചനപോലും ഈ വേദഭാഗത്തില്ല.

വിശ്വാസ പ്രസ്ഥാനക്കാരുടെ വാദഗതിക്കു വിരുദ്ധമായി, പ്രസ്തുത വേദഭാഗം വെളിവാക്കുന്നതുപോലെ, ദൈവം പൗലോസിലൂടെ അസാധാരണമായ വീര്യപ്രവൃത്തികളെ ചെയ്യിക്കയായിരുന്നു. ഇത് ഒരു മാതൃകയായി നൽകുന്നതിനായിരുന്നില്ല മറിച്ച് ജാതികളുടെ അപ്പൊസ്തലനായി പൗലോസിനെ ദൈവം തിരഞ്ഞെടുത്തിരിക്കുന്നു എന്ന് കാണിക്കേണ്ടതിനായിരുന്നു (റോമർ 11:13, 2തിമോ. 1:11).



ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ Christianity in Crisisഎന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം. സമ്പർക്ക മാധ്യമങ്ങൾ ഉപയോഗിക്കുന്നതിനു വചനത്തിൽ അടിസ്ഥാനമില്ല എന്നു ഗ്രന്ഥകാരൻ തെളിയിക്കുന്നു.

ചതിവിന്റെയും വഞ്ചനയുടെയും അടിസ്ഥാനത്തിൽ നടത്തിയിരുന്ന മന്ത്രവാദ ശക്തിയെക്കുറിച്ച് എഫെസോസുകാരുടെ ഇടയിൽ കാലാകാലങ്ങളായി നിലനിന്നിരുന്ന ധാരണയെ തിരുത്തി അവയും യേശുക്രിസ്തുവിന്റെ നാമത്തിൽ പൗലോസിലൂടെ അത്ഭുത പ്രവൃത്തികൾ ചെയ്യുന്ന യഥാർത്ഥ ദൈവിക ശക്തിയും തമ്മിലുള്ള വ്യത്യാസം അവർക്കു ബോദ്ധ്യപ്പെടുത്തികൊടുക്കുന്നതിനായിരുന്നു ദൈവം പൗലോസിലൂടെ അത്ഭുതങ്ങൾ പ്രവൃത്തിച്ചത് (പ്രവൃ. 19:13-19). വാസ്തവത്തിൽ പൗലോസിലൂടെ നടന്ന അസാധാരണ വീര്യപ്രവൃത്തികളിലൂടെ യേശുക്രിസ്തുവിന്റെ നാമം ഉയർത്തപ്പെടുകയാണ് ചെയ്തത് (പ്രവൃ. 19:17; 20). എന്നാൽ ഇന്നത്തെ സ്വയപ്രഖ്യാപിത അപ്പൊസ്തലന്മാർ പൗലോസിനെപ്പോലെ യേശുവിന്റെ നാമം ഉയർത്തുന്നവർ അല്ല പകരം അവർ ആ ധന്യനാമത്തെ ചേറ്റിലൂടെ വലിച്ചിഴക്കുകയാണ് പലപ്പോഴും ചെയ്യുന്നത്.

തങ്ങൾക്ക് നിവർത്തിക്കുവാൻ കഴിയാത്ത കാര്യങ്ങളെ വാഗ്ദാനം ചെയ്ത് ചില വിശ്വാസ പ്രസ്ഥാനക്കാർ പാവപ്പെട്ടവരെയും അധഃസ്ഥിതരെയും പീഡിപ്പിക്കുകയും അവരുടെ പ്രതീക്ഷ നിറവേറാതെ വരുമ്പോൾ അതിന് അവരെ പഴിചാരുകയും ചെയ്യുന്നതായി കാണാം.

''അതു സാധ്യമാകുന്നില്ല'' ( It is not working ) എന്ന പുസ്തകത്തിൽ ജോൺ അവൻസിനി ശ്രോതാക്കളുടെ ഭാഗത്തുള്ള കുറവുകൾകൊണ്ടാണ് അവർക്ക് ഒന്നും ലഭിക്കാത്തത് എന്നു നിരാലംബരായ തന്റെ അനുയായികളെ വിശ്വസിപ്പിക്കുവാൻ ആവുന്നത്ര തന്ത്രങ്ങൾ പ്രയോഗിക്കുന്നുണ്ട്. അവൻസിനി ഇങ്ങനെ എഴുതുന്നു: ''വിശുദ്ധന്മാരുടെ ഭാഗത്ത് എന്തോ തകരാറ് ഉണ്ടെന്നതാണ് പ്രശ്നം. നിശ്ചയമായും അവരുടെ ജീവിതത്തിൽ ചില പാളിച്ചകൾ ഞാൻ കാണുന്നു.''

അതിനുശേഷം ''സ്വർഗ്ഗത്തിന്റെ വാതിലുകൾ അടയ്ക്കുന്ന 25 കാര്യങ്ങൾ'' അവൻസിനി അവതരിപ്പിക്കുന്നു. അവൻസിനി ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യം ഇരു മനസ്സാണ്. നമുക്കു ബോധമനസ്സും ഉപബോധ മനസ്സു ഉണ്ടെന്ന് അവൻസിനി വിശദീകരിക്കുന്നു. ശുശ്രൂഷകന്മാരും ഉപദേഷ്ടാക്കന്മാരും യേശു ദരിദ്രൻ ആയിരുന്നു എന്ന ആശയം നമ്മുടെ ഉപബോധ മനസ്സിൽ കുത്തിനിറച്ചിരിക്കുകയാണത്രെ. അതുകൊണ്ട് നമ്മുടെ ബോധ മനസ്സ് സമൃദ്ധിയുടെ സുവിശേഷം ശ്രദ്ധിക്കുമ്പോൾ നാം ദരിദ്രർ ആയിരുന്നേ പറ്റൂ എന്ന ആശയത്തിൽ അടിയുറച്ച നമ്മുടെ ഉപബോധ മനസ്സിന്റെ പ്രേരണമൂലം അതിനെ തിരസ്കരിക്കുവാൻ നാം നിർബന്ധിതരായിത്തീരുന്നു. അവൻസിനി ഇതിനു കണ്ടു പിടിച്ചിട്ടുള്ള പരിഹാരമാർഗ്ഗം യേശു ധനികനായിരുന്നു എന്നും വിലകൂടിയ വസ്ത്രങ്ങൾ ധരിച്ചിരുന്നു എന്നും മണിമന്ദിരത്തിൽ പാർത്തിരുന്നു എന്നും വിശ്വസിക്കുവാൻ നമ്മുടെ ഉപബോധ മനസ്സിനെ പാകപ്പെടുത്തി എടുക്കുക എന്നതാണ്. അങ്ങനെ നിങ്ങളുടെ ഉപബോധ മനസ്സിനെ പുതുക്കിയെടുക്കുവാൻ അവൻസിനിയുടെ കൈയിൽ ഒറ്റമൂലിയും ഉണ്ട്. വിലകൊടുത്താൽ 'യേശു ദരിദ്രനായിരുന്നോ' എന്ന പേരിലുള്ള വീഡിയോ ടേപ്പ് അദ്ദേഹം നിങ്ങൾക്ക് അയച്ചുതരും.

എന്തുകൊണ്ട് ജനങ്ങൾ ധനികരായിത്തീരുന്നില്ല എന്നതിനു കാരണമായി വിശ്വാസ പ്രസ്ഥാനക്കാർ ഉയർത്തി കാണിക്കുന്ന മറ്റൊന്നാണ് 'തെറ്റായ ചിന്തകൾ'. അവൻസിനി അത് ഇപ്രകാരം പ്രസ്താവിക്കുന്നു. നിങ്ങൾ എന്താണെന്നു ചിന്തിക്കുന്നുവോ അതാണ് നിങ്ങൾ. ചിന്തകൾ സൃഷ്ടോന്മുഖ ശക്തികളാണ്. നിങ്ങളുടെ ചിന്തകൾക്ക് അനുസരിച്ചായിരിക്കും നിങ്ങളുടെ വാക്കുകളും എന്നതിനെ തെറ്റായി ഉദ്ധരിച്ചുകൊണ്ട് 'ശരിയായ ചിന്തകൾ' സാമ്പത്തിക ഉന്നതി നിൽകും എന്ന് അവൻസിനി ഉപസംഹരിക്കുന്നു. സംക്ഷിപ്ത രൂപത്തിൽ അതെക്കുറിച്ച് അവൻസിനി ഇങ്ങനെ പറയുന്നു. ''വിശ്വസിക്കുന്നു എങ്കിൽ നമുക്കു പ്രാപിക്കാം. അവിശ്വസിക്കുകയാണെങ്കിൽ ഇല്ലാത്ത അവസ്ഥയിലിരിക്കാം.''

കൗതുകകരം എന്നു പറയട്ടെ ചർച്ച് ഓഫ് റിലീജിയസ് സയൻസിന്റെ സ്ഥാപകനായ ഏണസ്റ്റ് ഹോംസ് 1919-ൽ ഇതേ ആശയം ''താൻ എന്തായിരിക്കണം എന്നു മനുഷ്യൻ ചിന്തിക്കുന്നുവോ അതായിരിക്കും അവൻ'' എന്ന തന്റെ വാക്കുകളിലൂടെ അവതരിപ്പിച്ചിരുന്നു. തന്റെ പുസ്തകത്തിലെ വാക്കുകൾ പരിശുദ്ധാത്മാവിൽനിന്നു നേരിട്ടു ലഭിച്ചവയാണെന്ന് അവൻസിനി അവകാശപ്പെടുന്നുണ്ടെങ്കിലും അവ മെറ്റാഫിസിക്കൽ സിദ്ധാന്തങ്ങളുടെ അടുത്ത പ്രതിഫലനമാണെന്നത് ശ്രദ്ധേയമാണ്.

തന്റെ അനുയായികൾക്ക് വേണ്ട സാമ്പത്തിക ഭദ്രത ഉണ്ടാകാത്തതിന്റെ മറ്റൊരു കാരണമായി അവൻസിനി ചൂണ്ടിക്കാണിക്കുന്നത് 'ദൈവമനുഷ്യനെ' അവർ വിശ്വസിക്കുന്നില്ല എന്നതാണ്. 2 ദിനവൃത്താന്തം 20:20ൽ ''അവന്റെ പ്രവാചകന്മാരെയും വിശ്വസിപ്പിൻ, എന്നാൽ നിങ്ങൾ കൃതാർത്ഥരാകും'' എന്ന വാക്യവും ദുർവ്യാഖ്യാനം ചെയ്യുന്നു. അവൻസിനിയെപ്പോലുള്ളവരെ വിശ്വസിച്ചില്ലെങ്കിൽ മനുഷ്യർ അഭിവൃദ്ധി പ്രാപിക്കയില്ല എന്നു സമർത്ഥിക്കുവാൻ അവൻസിനി ശ്രമിക്കുന്നു. ഈ വാക്യത്തിന്റെ സന്ദർഭം അനുസരിച്ച് അതു സാമ്പത്തിക ഉന്നതി വാഗ്ദാനം ചെയ്യുന്നില്ല എന്നു കാണാം. മോവാബ്യരിൽനിന്നും അമ്മോന്യരിൽനിന്നും കടുത്ത എതിർപ്പ് ഉണ്ടായപ്പോൾ സൈനിക വിജയം വാഗ്ദാനം ചെയ്യുകയാണ് ഈ വാക്യങ്ങൾ.

ഓരോരുത്തരുടെയും സാമ്പത്തിക ഇടപാടുകളുടെ പൂർണ്ണ ചിത്രം തങ്ങളുടെ ''ദൈവമനുഷ്യനു'' നൽകുവാൻ പലരും തയ്യാറാകുന്നില്ല എന്ന് അവൻസിനി പരാതിപ്പെടുന്നു. അപഹാസ്യമായ ഈ ആവശ്യത്തിന് ബൈബിളിൽ അടിസ്ഥാനം കണ്ടെത്തുവാൻ 2 രാജാക്കന്മാർ 4:1 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ കാണുന്ന വിധവയുടെ എണ്ണയുടെ കണക്ക് അവൻസിനി പരാമർശിക്കുന്നു.

''നട്ടെല്ല് ഒടിക്കുന്ന തന്റെ കടഭാരവും പേറി സഹായത്തിനായി എലീശയുടെ അടുത്തെത്തിയ വിധവയോട് ഏലീശാ ആദ്യം ആവശ്യപ്പെട്ടത് അവളുടെ സാമ്പത്തിക നിലയെക്കുറിച്ചുള്ള ഒരു പ്രസ്താവനയായിരുന്നു. അദ്ദേഹം ചോദിച്ചു. 'നിന്റെ വീട്ടിൽ എന്തുണ്ട്'? ഈ വിധവ ദൈവപുരുഷനെ വിശ്വസിച്ചു എന്നതിന് ഞാൻ ദൈവത്തിനു നന്ദി പറയുന്നു. അദ്ദേഹവുമായി അവൾക്കുണ്ടായിരുന്ന വിശ്വാസ ബന്ധം അവളെ കടഭാരത്തിൽ നിന്ന് വിടുവിക്കുക മാത്രമല്ല ജീവിതകാലം മുഴുവൻ സാമ്പത്തിക ഭദ്രത നൽകുകയും ചെയ്തു''.

മേൽപ്പറഞ്ഞതുപോലെ തികച്ചും നിരുത്തരവാദപരമായ രീതിയിൽ തിരുവെഴുത്തുകളെ വ്യാഖ്യാനിക്കുന്നത് അസാധാരണമല്ല. സഭാ ചരിത്രത്തിൽ ഉടനീളം അങ്ങനെതന്നെയായിരുന്നു ദുരുപദേശക്കാർ ചെയ്തുവന്നത്. പാവപ്പെട്ടവരെ പിഴിഞ്ഞെടുത്ത് സെന്റ് പീറ്റേഴ്സ് ബസലിക്ക പണിയുവാൻ പോപ്പ് ടെട്സലിനെ എങ്ങനെ ഉപയോഗിച്ചുവോ അതേവിധത്തിൽ സമൃദ്ധി സുവിശേഷകർ സാമാന്യ ജനത്തെ ചൂഷണം ചെയ്ത് അവരുടെ സാമ്രാജ്യങ്ങൾ പടുത്തുയർത്തിക്കൊണ്ടിരിക്കുന്നു.

# കോപ്പിയടിച്ചതു ജി.എം.ന്യൂസ് അല്ല

ജി.എം.ന്യൂസ് എന്ന ഓൺലൈൻ പത്രത്തിൽ മെയ് 23ന് 'ദൈവഭയം നഷ്ടപ്പെട്ടവരുടെ കള്ളപ്രവചനം' എന്ന തലക്കെട്ടിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. ദാനിയേൽ കൊന്നനിൽക്കുന്നതിൽ പ്രസിദ്ധീകരിക്കുന്ന 'ജയോത്സവം' എന്ന പത്രത്തിന്റെ ജൂൺ ലക്കത്തിലും ഇതേ ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. എഴുത്തുകാരനായ പാസ്റ്റർ ബിനു ജേക്കബിന്റെ ഫോട്ടോയും ലേഖനത്തോടൊപ്പമുണ്ടായിരുന്നു. രണ്ടിലൊരാൾ സാഹിത്യമോഷണം നടത്തി എന്നു വ്യക്തം. ആരാണ് ഈ ഹീനകൃത്യം ചെയ്തത്? അത് പൊതുജനം അറിയണം. അതുകൊണ്ട് 'കോപ്പിയടിച്ചതാര്' എന്ന തലക്കെട്ടിൽ ഒരു കുറിപ്പോടെ രണ്ടു ലേഖനങ്ങളും ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഇതിനുള്ള മറുപടി എന്ന നിലയ്ക്ക് ജി.എം.ന്യൂസ് അയച്ചുതന്ന മറുപടി താഴെ കൊടുക്കുന്നു:

'കോപ്പിയടിച്ചതാര്' എന്ന തലക്കെട്ടോടെ താങ്കൾ ദി ഡിഫെൻഡർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വാർത്തയ്ക്കുള്ള വിശദീകരണം ആണ് ഈ കത്ത്.

'മേയ് 21 ന് കൃത്യമായി സംഭവിക്കും' എന്ന് പ്രചരിപ്പിച്ച് നടത്തിയ ഒരു കള്ളപ്രവചനത്തിന്റെ പശ്ചാത്തലത്തിലാണ് 'ദൈവഭയം നഷ്ടപ്പെട്ടവരുടെ കള്ളപ്രവചനം' എന്ന മുഖപ്രസംഗം ജി.എം.ന്യൂസ് ഓൺലൈൻ എഡിറ്റോറിയൽ വിഭാഗം തയാറാക്കി മേയ് 23ന് അപ്‌ലോഡ് ചെയ്തത്. ഈ മുഖപ്രസംഗം തികച്ചും ഞങ്ങളുടെ രചനയാണെന്ന് സംശയലേശമെന്യേ പ്രസ്താവിക്കട്ടെ. ജി.എം.ന്യൂസ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്ന മുഖപ്രസംഗങ്ങളുടെ ശൈലി, ദൈവവചനത്തിന് വിരുദ്ധമായി പ്രചരിപ്പിക്കപ്പെടുന്ന വിഷയങ്ങളിൽ ഞങ്ങൾ സ്വീകരിക്കുന്ന നിലപാടുകൾ എന്നിവ ഞങ്ങളുടെ മറ്റേതൊരു മുഖപ്രസംഗത്തിലും എന്ന പോലെ ഇതിലും ആർക്കും മനസ്സിലാക്കുവാൻ സാധിക്കും.

മുമ്പ് പല സന്ദർഭങ്ങളിലും വിവിധ പ്രസിദ്ധീകരണങ്ങൾ ജി.എം.ന്യൂസ് ഓൺലൈനിൽനിന്ന് വാർത്തകളും ലേഖനങ്ങളും കോപ്പിചെയ്ത് പ്രസിദ്ധീകരിക്കുന്നത് ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അപ്പോളെല്ലാം പ്രസ്തുത പ്രസിദ്ധീകരണങ്ങളെ ഇത്തരം പ്രവണതകളിൽനിന്ന് പിൻതിരിപ്പിക്കാൻ സ്നേഹത്തോടെ ഞങ്ങൾ ശ്രമിച്ചിട്ടുമുണ്ട്. ചിലർ അത് കൂട്ടാക്കാൻ മനസ്സുവച്ചിട്ടില്ല, എന്നാൽ അത്തരക്കാരേ ഞങ്ങൾ പിന്നീട് വിലക്കിയിട്ടുമില്ല.

വസ്തുതകൾ ഇതായിരിക്കേ, ഈ കത്ത് ഔദ്യോഗിക വിശദീകരണമായി സ്വീകരിച്ച് ദി ഡിഫൻഡറിൽ പ്രസിദ്ധീകരണമെന്നും വായനക്കാരിൽ ഉണ്ടായ ആശയക്കുഴപ്പം പരിഹരിച്ചു തരണമെന്നും വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

എന്ന് ദി ജി.എം.ന്യൂസ് ഓൺലൈൻ ടീമിനുവേണ്ടി

എഡിറ്റർ. ജൂൺ 5, 2011.

# കോപ്പിയടി തൊഴിലാക്കിയവർ

കോപ്പിയടി തൊഴിലാക്കിയവർ പെന്തക്കോസ്തിലുണ്ട്. ഇവരിൽ പ്രമുഖനാണു മോഷണായി. ജി.എം.ന്യൂസിലെ ലേഖനം കോപ്പിയടിച്ച പാസ്റ്റർ ബിനു ജേക്കബ് ഒരു ജൂനിയർ മോഷണായിയാണ്. ശ്രീമാൻ മത്തങ്ങ, അച്ചൻകുഞ്ഞ് ഇലന്തൂർ തുടങ്ങിയവരും കോപ്പിയടിയൻമാരാണ്. ഈ വിഷയത്തെക്കുറിച്ചു കൂടുതൽ വിശദീകരിക്കുന്നതിനു മുമ്പ് എന്താണു കോപ്പിയടി എന്നു വിശദീകരിക്കാം.

Plagiarism എന്ന ഇംഗ്ലീഷ് വാക്കിന് the unauthorized use or close imitation of the language and thoughts of another author and the representation of them as one's own original work എന്ന നിർവ്വചനമാണ് dictionary.com നൽകുന്നത്. മറ്റൊരു എഴുത്തുകാരന്റെ ഭാഷയോ ചിന്തകളോ അനധികൃതമായി ഉപയോഗിക്കുകയോ അനുകരിക്കുകയോ ചെയ്യുന്നതും അത്തരം പടപ്പുകൾ സ്വന്തമെന്ന നിലയിൽ അവതരിപ്പിക്കുന്നതുമാണ് സാഹിത്യമോഷണം. പാസ്റ്റർ ബിനു ജേക്കബ് ചെയ്തിരിക്കുന്നത് ഈ ഹീനകൃത്യമാണ്. ഇത് അവസാനത്തേതായിരിക്കട്ടെ. ബിനു ഇനി ഈ തൊഴിലുമായി നടക്കരുത്.

ശ്രീമാൻ മോഷണായി എല്ലാ അർത്ഥത്തിലും ഒരു വ്യാജനാണ്. (സ്ഥലപരിമിതിമൂലം വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.) ഇയാളുടെ പുസ്തകങ്ങളിൽ ഭൂരിപക്ഷവും കോപ്പിയടിയാണ്. ബാക്കിയുള്ളവ നല്ല എഴുത്തുകാർക്കു കൂലി കൊടുത്ത് എഴുതിച്ച ശേഷം സ്വന്തം പേരു വച്ച് പ്രസിദ്ധീകരിച്ചതും. തെറ്റുകൂടാതെ ഒരു പേജ് എഴുതാനുള്ള അറിവോ കഴിവോ ഈ ചങ്ങാതിക്കില്ല. പക്ഷേ മൂന്നു ഡസനിലധികം പുസ്തകങ്ങൾ ഈ വിരുതൻ 'എഴുതി'ക്കഴിഞ്ഞു.

മോനായിക്ക് മോഷണായി എന്നു പേരു കിട്ടിയതും ഈ വിധത്തിലുള്ള ഒരു മോഷണത്തിലൂടെയാണ്. മോനായിയുടെ ഭാര്യയായ സാലി ഒന്നര പതിറ്റാണ്ടോളം മുമ്പ് തിരുവല്ലയിലെ റീഡേഴ്സിൽ ജോലി നോക്കിയിരുന്ന കാലത്താണ് ഈ സംഭവം നടക്കുന്നത്. പാസ്റ്റർ ഷിബു നെടുവേലിൽ പ്രസിദ്ധീകരിക്കുന്ന വചനപോഷിണി എന്ന പ്രസിദ്ധീകരണത്തിന്റെ ഒരു ലക്കത്തിൽ 'ഉപവാസം' എന്ന വിഷയത്തെക്കുറിച്ച് ഒരുപറ്റം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. പെന്തക്കോസ്തിലെ അറിയപ്പെടുന്ന എഴുത്തുകാരായിരുന്നു ഈ ലേഖനങ്ങൾ എഴുതിയത്. ശ്രീമാൻ മോനായി ഈ ലേഖനങ്ങൾ അതിമനോഹരമായി ഇസ്ക്കി റീഡേഴ്സിനു കൊടുത്തു. സംഗതി മോഷണമാണെന്നറിയാതെ റീഡേഴ്സ് അതു പുസ്തകമാക്കി. പക്ഷേ പുസ്തകം പുറത്തു വന്നതോടെ കള്ളി വെളിച്ചത്തായി. റീഡേഴ്സ് കോടതി കയറേണ്ടതായി വരും എന്ന സ്ഥിതിയിലായി കാര്യങ്ങൾ. പുസ്തകം പിൻവലിച്ച് റീഡേഴ്സ് തടിതപ്പി. ഈ സംഭവത്തോടെ സാലിയും മോനായിയും റീഡേഴ്സിൽ നിന്ന് ഔട്ടായി. ആ വാശിക്ക് അവർ തുടങ്ങിയതാണ് റീമ. ഒരു ഗൾഫുകാരനെ പറഞ്ഞു മയക്കി കുഴിയിൽ ചാടിച്ചാണു മോനായി റീമ തുടങ്ങിയത്. അതു മറ്റൊരു കഥ. ഏതായാലും ഈ സംഭവത്തോടെ മോനായിക്ക് മാലോകർ ഒരു നാമം ചാർത്തിക്കൊടുത്തു: മോഷണായി. തികച്ചും അന്വർത്ഥം.

മോനായി, മത്തങ്ങ, അജ്ഞൻ തുടങ്ങിയവർ മറ്റൊരു തരം മോഷണം ഇപ്പോൾ നടത്തി വരുന്നു. ഇവരുടെയൊക്കെ പത്രത്തിന് നല്ല ലേഖനങ്ങൾ ലഭിക്കാറില്ല. അപ്പോഴാണ് ഇവർ മോഷണം നടത്തുന്നത്. ഏതെങ്കിലും പ്രസിദ്ധീകരണത്തിൽ വന്ന ലേഖനം സുന്ദരമായി മോഷ്ടിക്കയാണ് ഒരു രീതി. ഏതെങ്കിലും പുസ്തകത്തിൽ നിന്ന് ഒരദ്ധ്യായമോ ചില ഭാഗങ്ങളോ മോഷ്ടിക്കയാണ് മറ്റൊരു രീതി. ലേഖകന്റെ പേര്, ഫോട്ടോ എന്നിവ സഹിതമാകും ഇവ പ്രസിദ്ധീകരിക്കുക. അതുകൊണ്ട് പൂർണ്ണമായ അർത്ഥത്തിലുള്ള മോഷണമല്ല ഇത്. ചിലപ്പോൾ ഗ്രന്ഥകാരനോട് അനുവാദം വാങ്ങിയിട്ടാകും ഇവ പ്രസിദ്ധീകരിക്കുക. അങ്ങനെയെങ്കിൽ ഇത് എങ്ങനെ മോഷണമാകും? ഇതു പൂർണ്ണമായ അർത്ഥത്തിലുള്ള മോഷണമല്ല എന്നു പറഞ്ഞു കഴിഞ്ഞല്ലോ. എങ്കിലും ഇത് കബളിപ്പിക്കലാണ്. കാരണം ഈ ലേഖനങ്ങൾ ഏതെങ്കിലും പുസ്തകത്തിൽ നിന്നോ മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്നോ എടുത്തതാണ് എന്ന് ഇവർ പറയാറില്ല. ഇവയുടെ എഴുത്തുകാർ ഈ പത്രങ്ങൾക്ക് എഴുതി അയച്ചു കൊടുത്തതാണ് ഇവ എന്നു വായനക്കാരെ തെറ്റിദ്ധരിപ്പിക്കയാണ് ഉദ്ദേശ്യം. ഇതും ഒരു തരത്തിലുള്ള മോഷണം തന്നെ.


# നിങ്ങൾക്കും ഒരു വെബ്സൈറ്റ്

**വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:**

**നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.**

script infow@ys

Your Web Partner

Ernakulam

**Phone: 0484-2592312. Mob: 9539378757**

**Email: works@scriptinfoways.com**

## അനിൽ കൊടിത്തോട്ടം ബിലീവേഴ്സ് ജേണലിന്റെ ജൂൺ 10 ലക്കത്തിൽ എഴുതിയ ലേഖനം

# 'ന്ത്രൻ' ഭാഷ കേരളത്തിലും

'ഇത് എന്തു ഭാഷ' എന്നു സംശയിക്കുന്നുണ്ടാകാം. ഏതെങ്കിലും മൃതഭാഷയാണോ, ലാറ്റിനമേരിക്കൻ ഗോത്രവംശജർക്കിടയിൽ പ്രചാരത്തിലുള്ള അവ്യക്ത ആശയ വിനിമയോപാധിയാണോ, എന്നൊക്കെയുള്ള ചോദ്യങ്ങൾ അവിടെ നിൽക്കട്ടെ. ഇത് ഒരു മലയാളി രൂപപ്പെടുത്തിയ പ്രത്യേക ഭാഷയാണ്. ഇതു പഠിച്ചാൽ എബ്രായ ബൈബിൾ എളുപ്പത്തിൽ വിവർത്തനം ചെയ്യാം എന്നും പ്രസാധകർ അവകാശപ്പെടുന്നു.

പവ്വർവിഷൻ പബ്ലിക്കേഷൻ പുറത്തിറക്കുന്നതും ഡോ. കെ.സി.ജോൺ രചിച്ചതുമായ ഈ അപൂർവ്വ വിജ്ഞാന കൃതിക്ക് 112 പേജുകളുണ്ട്. ബിഷപ്പ് ഡോ. സാം മാത്യുവിന്റേതാണ് അവതാരിക. എബ്രായ ഭാഷാ പഠനം എന്നാണ് യഥാർത്ഥ ഗ്രന്ഥനാമം. പുസ്തകത്തിന്റെ സവിശേഷതകൾ നിമിത്തം 'ന്ത്രൻ ഭാഷ' എന്ന വിശേഷണം ലേഖകന്റേതാണ്.എന്തുകൊണ്ട് 'ന്ത്രൻ ഭാഷ' എന്നു ലേഖകൻ ഇതിനുപേരിട്ടു? എബ്രായ ഭാഷ വായിക്കാനും എഴുതുവാനും പ്രാഥമിക വ്യാകരണ നിയമങ്ങൾ ഗ്രഹിക്കാനും ഈ ലേഖകന് അവസരം ലഭിച്ചിട്ടുണ്ട്. ഹീബ്രു കൈകാര്യം ചെയ്യുന്നതിൽ അസാമാന്യ വൈഭവമുള്ള അദ്ധ്യാപകരുടെ ശിക്ഷണം, ക്രമീകൃതമായ ഹീബ്രു ബൈബിൾ വായന ഇവയൊക്കെ ഇതിനു സഹായകമായിട്ടുണ്ട്. പക്ഷേ അവരാരും വെളിപ്പെടുത്താത്തതും പഠന ഗ്രന്ഥങ്ങളിൽ പ്രകടമല്ലാത്തതുമായ ഒരു അക്ഷരം ഡോ. കെ. സി. തന്റെ കൃതിയിൽ വെളിപ്പെടുത്തുന്നു. അതത്രെ 'ന്ത്രൻ'! ന്ത്രനു സമാനമായി അദ്ദേഹം നൽകിയിട്ടുള്ള ലിപിക്ക് ഞങ്ങൾ 'നൂൻ' എന്നാണ് പറയുക. ന്ത്രൻ അച്ചടിപ്പിശകാണെന്ന് ആദ്യം ധരിച്ചു. എന്നാൽ പേജ് 53ലൊഴികെ എല്ലായിടത്തും ന്ത്രൻ യന്ത്രം കണക്കേ സുഗമായി പ്രവർത്തിക്കുകയാണ്.

കേവലം ഒരു ലിപ്യന്തരീകരണ അബദ്ധം മാത്രമല്ല ഈ കൃതിയിലുള്ളത്. പാഠം 1 എന്ന് രേഖപ്പെടുത്തി എബ്രായ അക്ഷരമാലയിലെ നാലക്ഷരങ്ങൾ പരിചയപ്പെടുത്തുന്ന ഗ്രന്ഥകാരൻ വലത്തുനിന്ന് ഇടത്തോട്ട് എന്ന എബ്രായ എഴുത്തു ശൈലിയുടെ പ്രാഥമിക നിയമം തെറ്റിക്കുന്നു. അതു മലയാള എഴുത്തു ശൈലി സ്വീകരിക്കുന്ന വായനക്കാരുടെ സൗകര്യത്തിന് എന്നു വാദിച്ചാൽ, പാഠം 2 മുതൽ ശൈലി വലത്തു നിന്ന് ഇടത്തോട്ട് ആകുന്നത് കാണാം. ചുരുക്കത്തിൽ ആദ്യ നാലക്ഷരങ്ങൾക്ക് ഇടത്തുനിന്നും വലത്തോട്ടുള്ള ശൈലി, ബാക്കി 18 അക്ഷരങ്ങൾക്ക് സെമിറ്റിക് ഭാഷാ ശൈലി. എന്താണ് ഇതിന്റെ മാനദണ്ഡം?

അക്ഷരമാല പഠിച്ചാലുടൻ പഠിക്കേണ്ട രണ്ട് കാര്യങ്ങൾ 'ബഗഡ് കേപാത്ത്' അക്ഷരങ്ങളെക്കുറിച്ചാണ് മൃദുസ്വരം കടുപ്പമാക്കി എടുക്കാൻ ബേത്ത്, ഗീമെൽ, ദാലത്ത്, കഫ്, പേ, തൗ ഈ അക്ഷരങ്ങൾക്കു നടുവിൽ ഒരു കുത്ത് ഇടുന്ന വിദ്യയാണിത്. ഈ ക്രമത്തിൽ നിന്നും ഗീമെൽ, ദാലത്ത്, തൗ അക്ഷരങ്ങളെ ഒഴിവാക്കി പാഠം 6ൽ ചേർത്തിട്ടുണ്ട്. ഒപ്പം ഈ ക്രമത്തിൽ വരാത്ത 'സിൻ' എന്ന അക്ഷരം ചേർത്തിരിക്കുന്നു എന്നതും ഗൗരവകരമായ തെറ്റാണ്. നടുക്ക് ചേർക്കുന്ന കുത്തിനെ ദാഗേഷ് എന്നു പൊതുവായി പറയുമെങ്കിലും 'ബഗഡ്കേപാത്ത്' അക്ഷരങ്ങളിലെ ദാഗേഷിനെ, ദാഗേഷ് ലെനെ എന്നും ഇതര അക്ഷരങ്ങളിലെ കുത്തിനെ ദാഗേഷ് ഫോർട്ടെ എന്നു പറയും. കെസിയുടെ ഭാഷാപഠനത്തിൽ ഈ വ്യത്യാസങ്ങളില്ല.

തൊട്ടടുത്തത് കോഫ്, മേം, നൂൻ, പേ, സാദേ (കമനെപെസ്) എന്ന അക്ഷര ലിഖിതങ്ങളുടെ അന്ത്യ രൂപത്തിലുണ്ടാകാവുന്ന വ്യത്യാസമാണ്. കെ.സിയുടെ കൃതിയിൽ പാഠം 7ൽ ചേർത്തിരിക്കുന്ന ഇതിൽ പിശകൊന്നുമില്ല. പക്ഷേ 'നൂൻ' ഇവിടെയും 'ന്ത്രനാ'ണ്. സ്വരചിഹ്നങ്ങളെക്കുറിച്ച് പരാമർശിക്കുന്ന പാഠം 9ൽ, മലയാളത്തിൽ ഇവയ്ക്കു 'മാത്ര'കൾ എന്നു പറയും എന്നു ഡോ. കെ.സി. അവകാശപ്പെടുന്നു. ഒരു അക്ഷരകാലം എന്നതാണ് ഒരു മാത്ര എന്നതു കൊണ്ട് നമ്മൾ ഗ്രഹിച്ചുവച്ചിരിക്കുന്നത്. എന്നാൽ സ്വരാക്ഷരങ്ങളെ മാത്ര എന്നു വിളിക്കാം എന്ന കണ്ടു പിടിത്തം ഏതു കേരളപാണിനിയുടേതാവുമോ? അക്ഷരങ്ങളെ ഗുരു-ലഘു എന്നു വർഗ്ഗീകരിക്കുന്നത് മാത്രയുടെ അടിസ്ഥാനത്തിലാണ് ചുരുക്കത്തിൽ, എല്ലാ അക്ഷരങ്ങൾക്കും 'മാത്ര' ബാധകമാണ്.

**ഹീബ്രുവിലെ സ്വരചിഹ്നങ്ങൾ**

സ്വരാക്ഷരങ്ങളില്ലാത്ത ഭാഷയാണ് ഹീബ്രു. എന്നാൽ മസോറിറ്റുകൾ എന്നറിയപ്പെടുന്ന പണ്ഡിതന്മാർ കുത്തുകളെയും, ചില രേഖീയ ചിഹ്നങ്ങളെയും നിർമ്മിച്ച് സ്വരശബ്ദങ്ങളുണ്ടാക്കി. ഇത് എബ്രായ ബൈബിളിൽ പ്രത്യേക മാർജ്ജിനിൽ വിശദീകരണം നൽകിയിരുന്നു. ബി.സി. 4,5 നൂറ്റാണ്ടുകൾക്കു മുമ്പുള്ള രേഖകളിലൊന്നും ഈ സ്വര സൂചനകളില്ല. ശുദ്ധമായ വ്യഞ്ജന ശബ്ദങ്ങളോട് സ്വരം ചേർത്ത് ഉച്ചരിക്കാൻ ജൂതർക്ക് പ്രയാസവുമില്ല. സ്വരചിഹ്നങ്ങളായി ഡോ. കെ.സി., പാഠം 10 മുതൽ 13 വരെ നൽകുന്ന വിശദീകരണങ്ങൾ തികഞ്ഞ അബദ്ധങ്ങളത്രെ.

**ഒരു ബിന്ദുവിന്റെ വില ഹീബ്രുവിൽ**

ഒരു കുത്ത് എബ്രായ ഭാഷയുടെ സ്വര സംവിധാനത്തിൽ വരുത്തുന്ന സ്വാധീനം ശ്രദ്ധേയമാണ്. കുത്ത് അക്ഷരത്തിനു കീഴിലെങ്കിൽ ശബ്ദം 'ഈ' എന്ന ദീർഘാക്ഷരമാകും. അക്ഷരത്തിനു നേരെ മുൻപിൽ വൌ എന്ന വ്യഞ്ജനവും ചേർത്തു വന്നാൽ ഊ എന്നാകും. മുകളിലെങ്കിൽ 'ഓ' എന്നാകും. നടുക്കെങ്കിൽ ശബ്ദം ഇരട്ടിക്കും. അങ്ങനെ അത്യധികം കൃത്യതയോടെ വേണം അക്ഷരങ്ങൾക്കൊപ്പം ഈ ബിന്ദു പ്രതിഷ്ഠിക്കാൻ. കെ.സി. തന്റെ കൃതിയിൽ നിബന്ധനകളോ വിശദീകരണങ്ങളോ നൽകുന്നില്ല.

**പരിഭാഷാശ്രമം**

പ്രാഥമിക വ്യാകരണ നിയമങ്ങൾ ഒന്നും പറയാതെ 38 പദങ്ങൾ അർത്ഥവും ചേർത്ത് നൽകിയശേഷം അക്ഷരമാല ആവർത്തിക്കുന്നു. (പാഠം-15) ഇവിടെ മാത്രമാണ് 'ന്ത്രൻ' എന്ന വിവാദ അക്ഷരമില്ലാത്തത്. നൂൻ എന്ന പതിന്നാലാമത്തെ അക്ഷരം പരിചയപ്പെടുത്തുമ്പോൾ 'ബെൻ' എന്നാൽ പുത്രൻ എന്നു കെ.സി. പറയുന്നതു ശരി. 'ബെർ' എന്നും പുത്രനു പറയാം എന്നത് ഭാഗീകമായേ ശരിയാകൂന്നുള്ളൂ. കാരണം 'ബെർ' എബ്രായ അല്ല അരമായിക് ആണ്. (പേജ് 69).



അനിൽ കൊടിത്തോട്ടം

പാഠം 18ൽ ഡാഗേഷിനെ വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ അത് ക്രമീകൃതമായല്ല ചെയ്തിരിക്കുന്നത്. രസകരമായ കാര്യം അക്ഷരമാല പഠിപ്പിച്ചു കഴിഞ്ഞൂടനെ പരിഭാഷയിലേക്കാണ് പഠിതാവിനെ ക്ഷണിക്കുന്നത് എന്നതാണ്. ഉല്പ. 1-ാം അദ്ധ്യായം പരിഭാഷപ്പെടുത്തുന്നതിലെ ലിപ്യന്തരണം ഗുരുതരമായ തെറ്റുകളുടെ സമാഹാരമാണ്.

'ബറഷിത്ത് ബാറാ എലോഹിം' എന്ന ഉല്പത്തി 1:1ലെ 'എറ്റ്' എന്ന പ്രയോഗത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാതെ വിഷമിക്കുന്നു കെ. സി. മലയാളത്തിൽ ഇതിന് അർത്ഥമില്ല എന്നു പറയുന്നതു ശരി. എന്നാൽ ഹീബ്രുവിൽ എറ്റ് വരുന്നിടത്ത് 'മകിഫ്' എന്നൊരു സാങ്കേതിക സംജ്ഞ വിശദീകരിക്കേണ്ടതുണ്ട്.

തുടർന്ന് 'ഹ ഷമായിം' എന്നുച്ചരിക്കേണ്ടിടത്ത് 'അഷമീമം' എന്ന ഒരു പ്രയോഗം കാണുന്നു. ഇതിൽ 'ഹ' നിശ്ചിത ആർട്ടിക്കിളും ഷമായിം സ്വർഗ്ഗങ്ങൾ എന്ന ബഹുവചന ശബ്ദവുമാണ്. തൊട്ടുപിന്നിലെ പേജിൽ 'ഹ' നിശ്ചിത ആർട്ടിക്കിളാണെന്ന് ഗ്രന്ഥകർത്താവ് പരോക്ഷമായി സമ്മതിക്കുന്നുമുണ്ട് പിന്നെ ഈ പ്രമാദം എങ്ങനെ വന്നു?

'പാഴും ശൂന്യവും' (തോഹു-വൂ-ബോഹു) പഴയ നിയമ പഠനത്തിൽ രസകരമായ ഒരു ശീർഷകമാണ്. ഗ്യാപ് തിയറി എന്ന കൺസർവേറ്റീവ് വ്യാഖ്യാനത്തിൽ ഇതിന് വലിയ പ്രാധാന്യമുണ്ട്. ഇതിൽ 'വൂ' എന്നത് And എന്നതിനു തത്തുല്യമായ കൺജംഗ്ഷനാണ്. അത് ഗ്രഹിക്കാതെ, വൂ ബോഹു എന്ന് വേർതിരിച്ച് വിശദീകരിക്കേണ്ടതിനു പകരം 'ഉബോഹു' എന്നു ഗ്രന്ഥകർത്താവ് പറയുന്നത് എങ്ങനെ ന്യായീകരിക്കാനാവും?

കേവലം 50 പേജിൽ ഒതുക്കേണ്ട പുസ്തകം 112 പേജിലേക്ക് വലിച്ചു നീട്ടുന്നു എന്നു മാത്രമല്ല അവസാനം 111-ാം പേജിൽ 'ഷാലോം' എന്നു വലിയക്ഷരത്തിൽ കുറിച്ചിരിക്കുന്നു. ഇതിലും തെറ്റുണ്ട്. ഒന്നുകിൽ പൂർണമായ വ്യഞ്ജന ലിഖിതമാകാം, സ്വരചിഹ്നം ചേർത്താൽ അതു വേണ്ടിടത്തെല്ലാം ചേർക്കണം. ഷിൻ എന്ന അക്ഷരത്തിനു താഴെ ക്വാമസ് എന്ന 'ആ'കാര ചിഹ്നം ചേർത്തിട്ടില്ല. ലാമേദിനൊപ്പം ഓകാര ചിഹ്നം ചേർത്തിട്ടുമുണ്ട്. പേജ് 112 ആണ് താരതമ്യേന ഭേദം ഇവിടെ ഗ്രന്ഥനാമ സൂചന മാത്രം മാറ്റൊന്നുമില്ല.

**ബിഷപ്പ് സാം മാത്യുവിന് എന്തു പറ്റി?**

ബിഷപ്പ് ഡോ.സാം മാത്യു ഗവേഷണം ചെയ്ത് ദൈവശാസ്ത്ര ബിരുദം കരസ്ഥമാക്കിയ ആളാണ് എന്നതാണ് എന്റെ ധാരണ. സി.എസ്.ഐ., മർത്തോമാ പുരോഹിതന്മാർ മിനിമം യോഗ്യതയായി പരിഗണിക്കുന്നത് ബി.ഡി. ബിരുദമാണ്. ഇത്രയുമുണ്ടെങ്കിൽ ഈ പുസ്തകത്തിന്റെ ഗണ്യമായ തെറ്റുകൾ ബോധ്യംവരും. തീർച്ചയായും ബിഷപ്പ് സാം മാത്യു ഈ പുസ്തകം വായിച്ചിട്ടില്ല. അഥവാ വായിച്ചുവെങ്കിൽ തന്നെ അപ്രിയ സത്യം പറയാനുള്ള വൈമനസ്യം നിമിത്തം ഗ്രന്ഥകർത്താവിന് നൽകുന്ന വിശേഷണം പുസ്തകവുമായി തുലനം ചെയ്യുമ്പോൾ അങ്ങേയറ്റം ദയനീയം എന്നേ പറയാനാവൂ. ഗ്രന്ഥകർത്താവായ ഡോ. കെ.സി.ജോൺ ഇപ്രകാരമൊരു എബ്രായ ഭാഷ ഗ്രന്ഥം ചമയ്ക്കാൻ വേണ്ടത്ര അറിവും പരിചയവും ഭാഷാ പാണ്ഡിത്യവുമുള്ള ആളാണെന്നു ബിഷപ്പു പറയുന്നു.

**മലയാളത്തിൽ ആദ്യമോ?**

വേദ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം എബ്രായ ഭാഷാപഠനം ഒഴിച്ചുകൂടാനാവാത്തയൊന്നാണ്. അതുകൊണ്ടു തന്നെ ഇന്ന് നിരവധിപേർ ഈ രംഗത്ത് തങ്ങളുടേതായ കഴിവു പ്രകടമാക്കിയിട്ടുണ്ട്. ഡോ.ബി. വർഗ്ഗീസ് മണക്കാല, ഡോ.പി. യു.പോൾസൺ, ഏ.ജി. മുൻ സെക്രട്ടറി ഫിന്നിജോർജ്ജ് തുടങ്ങിയവർ ഹീബ്രുഭാഷ കൈകാര്യം ചെയ്യാൻ ശേഷിയുള്ളവരാണ്. അവരാരും പണ്ഡിതന്മാരാണെന്ന അവകാശവാദം മുഴക്കിയിട്ടില്ല. എബ്രായ ഭാഷ പഠിക്കാൻ മലയാളത്തിൽ ആദ്യം ഉണ്ടാകുന്ന കൃതിയാണിത് എന്ന പബ്ലീഷറുടെ വാദവും തെറ്റാണ്. എൻ.കെ.രാജഗോപാൽ രചിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്ന ''ബൈബിളിലെ ഹീബ്രു അരമായിക് പദങ്ങൾ'' എന്ന പുസ്തകം, (ISBN 81 7638 4372), പാസ്റ്റർ സുരേഷ് എടക്കളത്തൂർ രചിച്ച വിവിധ ലഘു കൃതികൾ തുടങ്ങിയതൊക്കെ മലയാളത്തിലുണ്ട്. ഇതിൽ രാജഗോപാലിന്റെ കൃതി രണ്ടാം പതിപ്പിറങ്ങിക്കഴിഞ്ഞു. ഇതൊന്നും പബ്ലീഷറുടെ കണ്ണിൽ പെടാതെപോയത് സഹതാപം അർഹിക്കുന്ന കാര്യമാണ്.

**ഉപസംഹാരം:**

വളരെ ചെറിയയൊരു ഗ്രന്ഥ സമാഹാരം മാത്രമാണ് ഈ ലേഖകനുള്ളത്. എന്നാൽ മൂല്യവത്തല്ലാത്ത ഗ്രന്ഥങ്ങൾ ആക്രികാർക്ക് പണം വാങ്ങാതെ കൊടുക്കാറുണ്ട്. അച്ചായാ കുടിക്കരുതേ, അമ്മച്ചീ പിടിക്കരുതേ തുടങ്ങിയ തലക്കെട്ടുകളിലുള്ള കെ. പി. സാഹിത്യവും ലില്ലിയും അബിയും പിന്നെ ഞാനും പോലുള്ള പൊങ്ങച്ച കൃതികളും ഇത്തരം ആക്രി നിലവാരം പുലർത്തുന്നവയാണ്. എന്നാൽ 'ന്ത്രൻ' ഭാഷാ പഠനം ഞാൻ എന്റെ പുസ്തക ശേഖരത്തിൽ അഭിമാന പുരസ്സരം വെയ്ക്കുന്നു. കാരണം ഹീബ്രുവിനോട് ഏറെ സാമ്യമുള്ളതും എത്ര ശ്രമിച്ചാലും ഹീബ്രു ആക്കാനാവാത്തതുമായ ഈ പുതിയ ഭാഷായോടുള്ള ആകാംക്ഷ തന്നെ കാരണം. മാനസിക സമ്മർദ്ദം ഏറുന്ന ഘട്ടത്തിലൊക്കെ ഓർത്തോർത്ത് ചിരിക്കാൻ ഈ പുസ്തകം സഹായകമാകും. നിങ്ങളുടെ ലൈബ്രറിയിൽ പാറ്റകേറാത്തിടത്ത് ന്ത്രൻ ഭാഷയ്ക്ക് തീർച്ചയായും ഇരിപ്പടം നൽകിയാലും.


## രണ്ടു പുസ്തകങ്ങളും ഒന്നിച്ചു വാങ്ങാം

''മരിച്ചവർ എവിടെ'', ''അടിസ്ഥാന വേദോപദേശങ്ങൾ'' എന്നീ പുസ്തകങ്ങൾ ഒന്നിച്ചു വാങ്ങിയാൽ പോസ്റ്റേജ് ലാഭിക്കാൻ കഴിയും. ഈ പുസ്തകങ്ങൾ **പോസ്റ്റിൽ ലഭിക്കുവാൻ** ഇന്ത്യയിൽ നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഏതെങ്കിലും ഒരു പുസ്തകത്തിന്റെ ഒരു കോപ്പി- 50 രൂപ.
രണ്ടു പുസ്തകങ്ങളുടെയും ഓരോ കോപ്പി വീതം- 80 രൂപ.
രണ്ടു പുസ്തകങ്ങളുടെയും രണ്ടു കോപ്പികൾ വീതം- 150 രൂപ.
രണ്ടു പുസ്തകങ്ങളുടെയും അഞ്ചു കോപ്പികൾ വീതം- 350 രൂപ. കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ ഓരോ പുസ്തകത്തിനും 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും പത്തു പുസ്തകത്തിന് 50 രൂപ എന്ന നിരക്കിൽ പോസ്റ്റേജും നൽകിയാൽ മതിയാകും. വിദേശത്തുള്ളവർ ഈമെയിൽ അയയ്ക്കുകയോ ഫോണിൽ ബന്ധപ്പെടുകയോ ചെയ്യുക.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 50 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

# പേടിപ്പിക്കല്ലേ രാജുക്കുട്ടീ



ആരും ക്ഷണിച്ചില്ലെന്നു കരുതി അമേരിക്കയ്ക്കു പോകാതിരിക്കാൻ പറ്റുമോ? അതുകൊണ്ട് ഒ.എം.രാജുക്കുട്ടിയും അമേരിക്കയ്ക്കു പോയി. കഴിഞ്ഞ വർഷത്തെ പിണ്ണാക്കിന് ഈ ചങ്ങാതിയെ വിളിച്ചിരുന്നു. എങ്കിലും ഡിഫെൻഡർ പ്രശ്നമുണ്ടാക്കിയതുകൊണ്ട് ഭാരവാഹികൾ രാജുക്കുട്ടിയുടെ പേരു വെട്ടി. ഇത്തവണ ക്ഷണിക്കാൻ പോലും ആളുണ്ടായില്ല. അതുകൊണ്ട് സ്വന്തം നിലയ്ക്കു പറന്നു.

ലാന്റ് ചെയ്തതു ന്യൂയോർക്കിലാണെന്നു തോന്നുന്നു. ഏതായാലും കക്ഷി ന്യൂയോർക്കിലുള്ള ചില സഭകളിൽ പ്രസംഗിച്ചതായി അറിയാം. പിണ്ണാക്കിൽ പങ്കെടുക്കാൻ പോകുമോ? അറിഞ്ഞുകൂടാ. ഏതായാലും ന്യൂയോർക്കിലെ ഒരു സഭയിൽ രാജുക്കുട്ടി നടത്തിയ പ്രസംഗം ചിലരുടെയൊക്കെ ഉറക്കം കെടുത്തി എന്നാണ് അറിയാൻ കഴിഞ്ഞത്. സംഭവം ഇങ്ങനെ:

രാജുക്കുട്ടി പതിവുപോലെ പ്രസംഗിച്ചു. വിഷയം? അതു വിശേഷിച്ചു പറയണോ? രാജുക്കുട്ടിക്ക് ഒരു പ്രസംഗവിഷയമേയുള്ളു: ഭാവികാലശാസ്ത്രം. ഈ വിഷയത്തിന് ഒരു ഗുണമുണ്ട്. കടിച്ചാൽ പൊട്ടാത്ത കുറെ വാക്കുകളും എങ്ങുമെത്താത്ത കുറെ കണക്കുകളും പറഞ്ഞ് പ്രസംഗം പൊടിപൊടിക്കാം. പ്രസംഗത്തിന്റെ അവസാന ഭാഗത്ത് രാജുക്കുട്ടി പറഞ്ഞിന്റെ ചുരുക്കം ഇതാണ്: 2011 അവസാനിക്കുമ്പോൾ ഇന്ന് ഇവിടെയുള്ള പലരും മരിച്ചു കഴിഞ്ഞിരിക്കും. രാജുക്കുട്ടി പറഞ്ഞതു തികച്ചും ശരിയാണ്. പക്ഷേ മിക്കവരും ഞെട്ടിവിറച്ചു. അന്നു രാത്രി പലരും പേക്കിനാവുകണ്ട് അലറിവിളിച്ചു. മരണം രാജുക്കുട്ടിയുടെ രൂപത്തിൽ വരുന്നതായി സ്വപ്നം കണ്ടവർ പോലും ഉണ്ടത്രേ.

# ഖത്തറിലെ ദുഷ്ടൻ

കറുകച്ചാലിൽ നിന്ന് ഒരു ദുഷ്ടൻ ഈയിടെ ഖത്തറിലെത്തി. ഇയാളെ നമുക്ക് ശശീന്ദ്രനെന്നോ ശമുവേലെന്നോ വിളിക്കാം. കക്ഷി ഐ.പി.സിക്കാരനാണെന്നും കുറുക്കന്റെ സെന്ററിലുള്ള ഒരു പാസ്റ്ററാണെന്നും കേട്ടു. ഈ പരമ വിശുദ്ധന് ഒരു സാധു താമസസൗകര്യം കൊടുത്തു. വിശുദ്ധൻ അവിടെ താമസിച്ചുകൊണ്ടു സുവിശേഷമോഷണം പൊടിപൊടിച്ചു.

അങ്ങനെ കാര്യങ്ങൾ പുരോഗമിക്കുന്നതിനിടയിൽ വിശുദ്ധന്റെ കണ്ണ് ആ വീട്ടിലെ 10 വയസ്സുള്ള പെൺകുട്ടിയിൽ പതിഞ്ഞു. വീട്ടുകാർ ഇതൊന്നുമറിഞ്ഞില്ല. ഒരു ദിവസം മാതാപിതാക്കൾ ജോലിക്കു പോയപ്പോൾ കുട്ടി വീട്ടിൽ തനിച്ചായി. വിശുദ്ധൻ ഈ അവസരം ശരിക്കു വിനിയോഗിച്ചു. (കൂടുതൽ വിശദീകരിക്കുന്നില്ല.) വീട്ടുകാർ മടങ്ങിയെത്തിയപ്പോൾ കുട്ടി സംഭവം വിശദീകരിച്ചു. അന്നുതന്നെ വിശുദ്ധനെ നാടുകടത്തി. കൈവയ്പു കൊടുത്തോ? അറിഞ്ഞുകൂടാ. ഏതായാലും ഈ പരമ വിശുദ്ധൻ ഇപ്പോൾ കേരളത്തിലുണ്ട്.

# അജ്ഞനെ സൂക്ഷിക്കുക



അജ്ഞൻ ഇത്തവണയും പിണ്ണാക്ക് സമ്മേളനത്തിനെത്തും. നാലു പുത്തനുണ്ടാക്കാനുള്ള അവസരം വെറുതെ കളയുന്നതു ശരിയല്ലല്ലോ. പിണ്ണാക്ക് സമ്മേളനത്തിൽ സ്റ്റാളിട്ട് മറുപ്പച്ചയ്ക്കു വരിക്കാരെ പിടിക്കും.

അച്ചൻകുഞ്ഞ് പെന്തക്കോസ്തുകാരനാണോ? അതെ, ഐ.പി.സിയുടെ സ്റ്റേറ്റ് കൗൺസിൽ അംഗവുമാണ്. അജ്ഞനു പെന്തക്കോസ്ത് ഉപദേശത്തിൽ വിശ്വാസമുണ്ടോ? ഇല്ല. ബൈബിളിൽപ്പോലും വിശ്വാസമില്ല. മറുപ്പച്ച പെന്തക്കോസ്ത് പത്രമാണോ? അല്ല, ക്രൈസ്തവപത്രമാണ്. ക്രൈസ്തവം എന്നു പറഞ്ഞാൽ....? കത്തോലിക്കർ ഉൾപ്പെടെ എല്ലാ സമുദായവും ഉൾക്കൊള്ളുന്നത്. അങ്ങനെയെങ്കിൽ പെന്തക്കോസ്ത് സമ്മേളനത്തിൽ വന്നു പണം പിരിക്കുന്നതെന്തിന്? ഇവിടെയല്ലേ ഇതു നടക്കൂ.

# മോഷണായി പറക്കുമോ?

ഇത്തവണ മോഷണായി അമേരിക്കയ്ക്കു പറക്കുമോ? തീർത്തു പറയാൻ ബുദ്ധിമുട്ടാണ്. ഈ ലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്നതുവരെ കക്ഷി പോയിട്ടില്ല. ജൂൺ ലക്കം സുഭാഷിതം അമേരിക്കൻ വിഭവങ്ങൾ കുത്തിനിറച്ച് അത്യുഗ്രനാക്കി കളറിൽ അടിച്ച് കൊണ്ടുപോകാനായിരിക്കാം പദ്ധതി. ഇത്ര നല്ല ഒരു പത്രം ഈ ഭൂമിമലയാളത്തിൽ ഇല്ലെന്നു വരുത്തിത്തീർക്കണം. എങ്കിലല്ലേ അമേരിക്കയിലെ കഴുതകളെ കബളിപ്പിക്കാൻ പറ്റൂ. പതിവുപോലെ എം.എസ്. ശാമുവലും ഫ്ളോറിഡാക്കപ്പിയും മറ്റും ഈ കള്ളനു കഞ്ഞി വച്ചേക്കാം. ഏതായാലും വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾ സൂക്ഷിക്കുക. ഇത്തരം വ്യാജന്മാരെ ഒഴിവാക്കാനുള്ള ധൈര്യം കാണിക്കുക.

# പട്ടാഭിഷേകം 19ന്



കുപ്രസിദ്ധ കള്ളപ്രവാചകനായ വി.പി.ഏബ്രഹാമിന്റെ പട്ടാഭിഷേകം ജൂൺ 19ന് നടക്കും. ചാറ്റനൂഗ ക്രിസ്ത്യൻ അസംബ്ലിയിലാണ് ഈ വിശുദ്ധൻ ശുശ്രൂഷയേൽക്കുക. പട്ടാഭിഷേകം വലിയ ആർഭാടത്തോടെ നടത്താനായിരുന്നു പദ്ധതി. പക്ഷേ ഡിഫെൻഡറിൽ വന്ന വാർത്തകൾ നിമിത്തം വി.പി.ഏബ്രഹാം ആകെ നാറിയിരിക്കയാണ്. അതുകൊണ്ട് മീറ്റിംഗും ഈറ്റിംഗും മാത്രം നടത്തി ചാർജ്ജെടുത്താൽ മതി എന്നാണ് ഇപ്പോഴുള്ള തീരുമാനം.

ഈ വ്യാജനെ പാസ്റ്ററാക്കാൻ സെക്രട്ടറി ശ്രമിക്കാൻ തുടങ്ങിയിട്ടു വർഷം രണ്ടു കഴിഞ്ഞു. എങ്കിലും ഇപ്പോഴാണ് അതിനുള്ള സാഹചര്യം ഒത്തുവന്നത്. ഇതേ സെക്രട്ടറിതന്നെ വി.പി.യെ ഭാവിയിൽ പുറത്താക്കുകയും ചെയ്യും.






# മന്ത്രമില്ല, മായമില്ല, ശുദ്ധ തട്ടിപ്പുമാത്രം

മത്തങ്ങായുടെ കൺവൻഷന്റെ രണ്ട് യഥാർത്ഥ ചിത്രങ്ങൾ ഇതാ. ഒരു വാതിൽ മാത്രമുള്ള ഹാളിൽ കുറച്ചാളുകൾ ഇരിക്കുന്നു. കൺവൻഷൻ എന്ന് ഇതിനെ വിളക്കാനാവില്ല.





'വമ്പിച്ച ജനക്കൂട്ടം' എന്ന തലക്കെട്ടിൽ മത്തങ്ങായുടെ പത്രത്തിൽ വന്ന ചിത്രം താഴെ കൊടുക്കുന്നു. ഹാളിന് ഇരട്ടി വലിപ്പം. രണ്ടു വാതിലുകളുണ്ട്. ആളുകളുടെ എണ്ണം ഇരട്ടിയോളമായി. ഇതെന്തു മായാജാലം? കൺവൻഷൻ നടന്ന മുറിക്ക് സത്യത്തിൽ എത്ര വാതിലുണ്ട്?



താഴെ കാണുന്ന ചിത്രം നോക്കൂ. അപ്പോൾ കള്ളി വെളിച്ചത്താകും. രണ്ടു ചിത്രങ്ങൾ തമ്മിൽ ചേർത്ത് മുറിയുടെ വലിപ്പം ഇരട്ടിയാക്കി. അതോടെ ശ്രോതാക്കളുടെ എണ്ണവും ഇരട്ടിയോളമായി. ചെറിയ ഒരു ഹാളിൽ നടത്തിയ യോഗം അത്യുഗ്രൻ കൺവൻഷനായി. കറുത്ത സായിപ്പിനും വെളുത്ത സായിപ്പിനും ഈ ചിത്രങ്ങൾ അടിച്ച പത്രം അയച്ചുകൊടുക്കും. സംഗതി കുശാൽ.








ദൈവമക്കളേ, സൂക്ഷിക്കുക. തട്ടിപ്പിനു കൈയും കാലും വച്ചതാണ് മത്തങ്ങ. എങ്ങനെയെങ്കിലും പണമുണ്ടാക്കണം എന്നതു മാത്രമാണ് ഈ നീചന്റെ ലക്ഷ്യം. അതിനായി ഇവൻ എത്ര വലിയ കള്ളവും പറയും. ഏതു ഹീനകൃത്യവും ചെയ്യും. ധാർമ്മികത എന്നൊന്ന് ഇവനില്ല. ഇവനുമായി സഹകരിക്കുന്നവരും ഇവനു പണം കൊടുത്തു സഹായിക്കുന്നവരും ഇന്നല്ലെങ്കിൽ നാളെ ദു:ഖിക്കേണ്ടതായി വരും.

ഇത്തരം വിഷവിത്തുകൾ ദൈവസഭയിൽ എല്ലാക്കാലത്തുമുണ്ടായിരുന്നു. വിവേചനവരമുള്ള ദൈവദാസൻമാർക്ക് ഇത്തരക്കാരെ വിവേചിച്ചറിയാനും ഒഴിവാക്കാനും കഴിയും. പക്ഷേ വിവേചനവരമില്ലാത്ത സാധുക്കൾ ഇത്തരം വ്യാജൻമാരുടെ കറവപ്പശുക്കളാകും. സാധുക്കളെ വഞ്ചിച്ചാണ് ഇവനെപ്പോലുള്ളവർ കഞ്ഞികുടിക്കുന്നത്.

# ലൂയീസ്കുട്ടി കൂട്ടുവെട്ടി

ഡോ.സി.റ്റി.ലൂയീസ്കുട്ടി മത്തങ്ങായുമായുള്ള ബന്ധം വിട്ടു. ഇനിയൊരിക്കലും തന്റെ പുസ്തകത്തിൽ നിന്നുള്ള ഭാഗങ്ങൾ മത്തങ്ങായുടെ പത്രത്തിൽ പ്രസിദ്ധീകരിക്കരുതെന്നു നിർദ്ദേശിക്കുകയും ചെയ്തു. ഈ വിഷയവുമായി ബന്ധപ്പെട്ടു ലൂയീസ്കുട്ടി ശ്രീമാൻ മത്തങ്ങായ്ക്ക് അയച്ച ഈമെയിലിന്റെ പ്രസക്ത ഭാഗങ്ങൾ താഴെ കൊടുക്കുന്നു:

When you and Mr. Varghese visited us two months ago and I gave you my book, I had no idea what it would lead to. But it is evident that I am being used in the controversy among publishers of Christian journals. By my nature and my choice, I do not want to be involved in such controversies. Therefore I request you not to publish any of my articles from my books or any other source from now onwards.
Appreciate your understanding and co-operation.



വിശുദ്ധ മത്തങ്ങ ഏതോ ഒരു വർഗീസിനോടൊപ്പം ലൂയീസ്കുട്ടിയുടെ വീട്ടിൽ ചെന്നപ്പോൾ അദ്ദേഹം കൊടുത്ത പുസ്തകം മത്തങ്ങ ദുരുപയോഗം ചെയ്തു. ലൂയീസ്കുട്ടിയെപ്പോലുള്ളവർ മത്തങ്ങയുടെ പത്രത്തിലെ എഴുത്തുകാരാണെന്നു വരുമ്പോൾ പത്രത്തിനു വിശ്വാസ്യതയുണ്ടാകുന്നു. ജനവഞ്ചന നടത്താൻ മത്തങ്ങായ്ക്ക് ഇങ്ങനെയൊക്കെ ചെയ്തേ പറ്റൂ.

# അച്ചനെയും കള്ളക്കേസ്സിൽ കുടുക്കി

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവനെ മത്തങ്ങ കള്ളക്കേസ്സിൽ കുടുക്കിയ സംഭവം ഡിഫെൻഡറിന്റെ വായനക്കാർക്ക് അറിവുള്ളതാണല്ലോ. എന്നാൽ അതിനേക്കാളും ഹീനമായ രണ്ടു കള്ളക്കേസ്സുകൾ ഈ നീചൻ ഈയിടെയുണ്ടാക്കി. മത്തങ്ങയുടെ വീടിനടുത്ത് സ്ഥലമുള്ള ഒരു യാക്കോബായ അച്ചനെയാണ് മത്തങ്ങ കള്ളക്കേസ്സിൽ കുടുക്കിയത്. സംഭവം ചുരുക്കി പറയാം:

എത്ര കിട്ടിയാലും തികയാത്ത മത്തങ്ങായ്ക്ക് അച്ചന്റെ സ്ഥലം കണ്ടപ്പോൾ കൊതി തോന്നിയതു സ്വാഭാവികം. ആ സ്ഥലം മുഴുവൻ കിട്ടിയാൽ എത്ര നന്നായിരിക്കും എന്നു മത്തങ്ങ സ്വപ്നം കണ്ടു. സ്വപ്നസാക്ഷാത്ക്കാരത്തിന് എന്താണു വഴി? അതിരു മാന്തുകയല്ലാതെ മറ്റു പോംവഴിയില്ല. പക്ഷേ ഒരു പ്രശ്നം: അതിരിൽ കയ്യാലയാണ്. അതു മാന്താൻ അത്ര എളുപ്പമല്ല. അതുകൊണ്ട് ഈ സർപ്പസന്തതി മറ്റൊരു വഴി കണ്ടുപിടിച്ചു: സാക്ഷാൽ കള്ളക്കേസ്സ്.

അങ്ങനെ ഇവൻ അച്ചനെതിരെ സിവിൽ കേസ്സ് കൊടുത്തു. അച്ചന്റെ കയ്യാല മത്തങ്ങായുടെ വഹയാണ്. (ആമേൻ.) പക്ഷേ ഇത്തരം കേസ്സുകൾ അല്പായുസ്സാണ്. മത്തങ്ങായ്ക്കു കുറെ പണം നഷ്ടമാകുമെന്നല്ലാതെ ഫലമില്ല. അതുകൊണ്ട് അച്ചനെതിരെ ഈ വിദ്വാൻ ഒരു ക്രിമിനൽ കേസ്സുകൂടി കൊടുത്തു. അച്ചൻ കുറെ ഗുണ്ടകളുമായി മത്തങ്ങയെയും കുടുംബത്തെയും ആക്രമിക്കാൻ ചെന്നത്രേ. മത്തങ്ങയുടെ വല്യപ്പനാകാൻ പ്രായമുണ്ട് ഈ കോർ എപ്പിസ്ക്കോപ്പയ്ക്ക് എന്നോർക്കണം. പക്ഷേ അച്ചനെ അറസ്റ്റ് ചെയ്യിക്കാനുള്ള മോഹം പൂവണിഞ്ഞില്ല. സംഗതി കള്ളക്കേസ്സാണെന്നു പോലീസിനു ബോധ്യമായി. ഇനി മത്തങ്ങ എന്തുചെയ്യും? എന്തും ചെയ്യും.



# സജി നെടുങ്കണ്ടം പറയുന്നതു ശരിയല്ല

ബിലീവേഴ്സ് ജേണലിന്റെ ജൂൺ 10 ലക്കത്തിൽ 'സെക്രട്ടറി ഭരിക്കുന്ന സഭയും അമ്മാമ്മയുടെ പ്രബോധനവും' എന്ന തലക്കെട്ടിൽ സജി നെടുങ്കണ്ടം എഴുതിയ ലേഖനമാണ് ഈ കുറിപ്പിന് ആധാരം. ചില സഭകളിൽ സെക്രട്ടറിയും അതുപോലുള്ള മറ്റു ചിലരും സഭാഭരണം നടത്തുകയും അതുമൂലം സഭ ആത്മീയമായി ശുഷ്ക്കിക്കുകയോ തകരുകയോ ചെയ്യുന്നതും പതിവാണ്. ഇതിനെതിരെയാണു സജി എഴുതുന്നത്. അതുകൊണ്ട് ലേഖനത്തിന്റെ പ്രസക്തിയെയോ പ്രധാന ആശയങ്ങളെയോ ചോദ്യം ചെയ്യുന്നില്ല. എന്നാൽ പെന്തക്കോസ്ത് സഭകളിൽ നടമാടുന്ന ദുരാചാരങ്ങളുടെ സ്വാധീനം മൂലം ചില അബദ്ധങ്ങൾ എഴുതിവച്ചിട്ടുണ്ട്. അത്തരം ധാരണകൾ മാറ്റണം.

സജി പറയുന്നു: 'ഇടയശുശ്രൂഷ ചെയ്യുന്ന വ്യക്തി ഇടയനാണ്. അപ്പോൾത്തന്നെ ഇടയൻ അപ്പോസ്തലനും പ്രവാചകനും സുവിശേഷകനും ഉപദേഷ്ടാവുമാണ്.' സജിക്കു തെറ്റി. അപ്പോസ്തലനോ പ്രവാചകനോ സുവിശേഷകനോ ചില സാഹചര്യങ്ങളിൽ ഇടയശുശ്രൂഷ ചെയ്തേക്കാം. പക്ഷേ ഈ ശുശ്രൂഷകൾ വ്യത്യസ്തമാണ്. ബൈബിൾ പറയുന്നു: 'അവൻ ചിലരെ അപ്പൊസ്തലൻമാരായും ചിലരെ പ്രവാചകൻമാരായും ചിലരെ സുവിശേഷകൻമാരായും ചിലരെ ഇടയൻമാരായും ഉപദേഷ്ടാക്കൻമാരായും നിയമിച്ചിരിക്കുന്നു.' (എഫേ.4:11) ഇവർ വ്യത്യസ്തരാണ് എന്നു വ്യക്തമാണല്ലോ.

സെക്രട്ടറി, ട്രഷറാർ തുടങ്ങി പലതും പെന്തക്കോസ്തിലുണ്ടെങ്കിലും ആദിമ സഭയിൽ ഇതൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടു ബൈബിളിലും ഇവയൊന്നുമില്ല. 1തിമോ.3:1-13 ശ്രദ്ധിച്ചു വായിക്കുക. സഭയിൽ നിരവധി ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. ഇവരുടെ യോഗ്യതയും അവിടെത്തന്നെ എഴുതിയിട്ടുണ്ടല്ലോ. അവരുടെ ഓവർസിയറായി ഒരു അദ്ധ്യക്ഷൻ (ബിഷപ്പ്, പാസ്റ്റർ) വേണം. ഇവർ ആത്മീയ ശുശ്രൂഷകൾ ചെയ്യണം. ഭൗതിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ വിശ്വസ്തരായ സഹോദരൻമാരെ ചേർത്ത് ഒരു കമ്മറ്റിയുണ്ടാക്കാവുന്നതാണ്.

# മക്കൾ മാഹാത്മ്യം

'മകനേ, നിനക്കുവേണ്ടി' എന്നൊരു സിനിമയുണ്ട്. ഐ.പി.സിയിലെ സ്ഥിതി ഏറെക്കുറെ ഇങ്ങനെതന്നെ. എല്ലാ വേലകളും വേലത്തരങ്ങളും മക്കൾക്കുവേണ്ടിയാണ്. സഭയിലെ അധികാരസ്ഥാനങ്ങൾ, വിശേഷിച്ചും സെന്ററുകൾ, അപ്പനിൽ നിന്നു മകനിലേക്കു വരുന്നു. സംശയമുള്ളവർ സെന്റർ പാസ്റ്റർമാരുടെ ലിസ്റ്റ് എടുത്തുനോക്കൂ. നല്ലൊരു പങ്ക് സെന്ററുകളിലും ഇതു നടന്നിട്ടുണ്ട് എന്നു വ്യക്തമാകും.

ഈയിടെ പന്തളം സെന്ററിലെ പാസ്റ്റർ മരിച്ചപ്പോൾ മകനു ചുമതല നൽകി. അതു വർഗീസ് മത്തായിയെ ഒഴിവാക്കാനാണെന്നു കേട്ടു. കെ.എം.ജോസഫിന് മകനെ സെന്റർ പാസ്റ്ററാക്കണമെന്നു മോഹം. അപ്പോൾ കെ.എം.ജോണിനുമുണ്ടായി മോഹം: മകനെ സെന്റർ പാസ്റ്ററാക്കണം. വിദേശത്തുള്ളവരെ കേരളത്തിൽ സെന്റർ പാസ്റ്റർമാരാക്കാൻ അല്പം ബുദ്ധിമുട്ടുണ്ട്. എങ്കിലും അതൊക്കെ പരിഹരിച്ച് കസേര ഉറപ്പിക്കാനുള്ള പദ്ധതി തയ്യാറായിവരുന്നു.

# ഐ.പി.സിയിൽ സെന്റർ പ്രശ്നം

'ഏച്ചു വച്ചാൽ മുഴച്ചിരിക്കും' എന്ന ചൊല്ല് ഐ.പി.സിയിൽ വീണ്ടും അന്വർത്ഥമാകുന്നു. ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്ത സംഘടനകളുണ്ടാക്കുകയും അതിൽ സെന്ററുകൾ ഉണ്ടാക്കി സെന്റർ പാസ്റ്റർമാരെ നിയമിക്കുകയും ചെയ്തിന്റെ ഫലം എല്ലാ പെന്തക്കോസ്ത് സംഘടനകളും അനുഭവിക്കുന്നുണ്ട്. ഐ.പി.സിയിൽ ഇത് ഗുരുതരമായ ഒരു പ്രശ്നമായിട്ടുമുണ്ട്. ചില സെന്റർ പാസ്റ്റർമാരുടെ മരണമാണ് ഇപ്പോഴുള്ള പ്രശ്നങ്ങൾക്കു കാരണം.

കൊട്ടാരക്കര, അടൂർ, പന്തളം തുടങ്ങിയ സ്ഥലങ്ങളിലെ സെന്റർ പാസ്റ്റർമാർ മരിച്ചു. അതോടെ പലരും ഉഷാറായി. സെന്റർ പാസ്റ്ററാകാനുള്ള കനകാവസരം ഇതാ എത്തിയിരിക്കുന്നു. അങ്ങനെ ഫിലിപ്പ് പി.തോമസ് എറണാകുളത്തുനിന്ന് അടൂരിലെത്തി. കെ.സി. ജോണിന്റെ കുഞ്ഞനുജൻ (കെ.സി.ശാമുവൽ) തൃക്കാക്കരയപ്പനെ കൈവിട്ട് എറണാകുളത്തെ സെന്റർ പാസ്റ്ററായി. പന്തളത്തെ കിരീടാവകാശിക്ക് പ്രായം തികഞ്ഞിട്ടില്ല. എങ്കിലും പകരക്കാരനെ വച്ചാൽ അതു പിന്നീടു പ്രശ്നമാകും. അതുകൊണ്ട് പ്രായം തികയുന്നതുവരെ പുത്രൻ ചുമ്മാ സെന്റർ പാസ്റ്ററായി ആക്ട് ചെയ്യും പ്രായം തികയുമ്പോൾ അസ്സൽ സെന്റർ പാസ്റ്ററാകും.

ഇനിയുള്ളതു കൊട്ടാരക്കരയാണ്. അവിടത്തെ സെന്റർ പാസ്റ്ററാകാനുള്ള മോഹവുമായി ജോൺ ശമുവേൽ അമേരിക്കയിൽ നിന്ന് എത്തി. പക്ഷേ ചിലർ പാരവച്ചു. കൗൺസിലിൽ വാക്യ മത്സരവും വംശാവലി വായനയും മറ്റുമുണ്ടായി. ഒടുവിൽ ജോൺ ശമുവേലിനെ വേണ്ടെന്നു വച്ചു. പകരം ആര്? തികച്ചും യോഗ്യനായ ഒരാൾ വേണം. അങ്ങനെ ഒരാളെ കണ്ടെത്തി. മൂന്നു പതിറ്റാണ്ടു മുമ്പ് റ്റി.പി. എമ്മിൽ നിന്നു വ്യഭിചാരക്കേസ്സിൽ പുറത്താക്കപ്പെട്ടവനാണു കക്ഷി. പരമ യോഗ്യൻ. മിനിമം ഒരു വ്യഭിചാരമെങ്കിലും ചെയ്താൽ സെന്റർ പാസ്റ്ററാകാനുള്ള യോഗ്യതയാകും. പക്ഷേ ഈ കക്ഷി റ്റി.പി.എമ്മിലായിരുന്നതുകൊണ്ട് ഏഴ് എഴുപതുവട്ടം എന്നതായിരുന്നു സ്ഥിതി. (ആന കരിമ്പിൻകാട്ടിൽ കയറിയതുപോലെ എന്നു പറയാം.) സെന്റർ പാസ്റ്ററാകാൻ ഇതിൽപ്പരം യോഗ്യൻ ആരുള്ളൂ! അങ്ങനെ ഈ വിശുദ്ധൻ കൊട്ടാരക്കരയിൽ സെന്റർ പാസ്റ്ററായി. ജോൺ ശാമുവലിന് കൊട്ടാരക്കര നോർത്ത് ഏരിയ എന്നൊരു സാമ്രാജ്യം സൃഷ്ടിച്ചു നൽകാൻ കൗൺസിലിനോടു ശുപാർശ ചെയ്യാനും തീരുമാനിച്ചു.

# ജോൺ ശാമുവൽ മറുപടി പറഞ്ഞു

ജോൺ ശമുവലിന് അനുകൂലമായും പ്രതികൂലമായും വാദപ്രതിവാദങ്ങൾ നടക്കുന്നതിനിടയിൽ ഒരു ഈമെയിലും പ്രചരിച്ചു. ഒരു സായിപ്പ് ജോൺ ശമുവലിന് അയച്ച ഈമെയിലും ജോൺ ശാമുവൽ അതിനു നൽകിയ രണ്ടു മറുപടികളുമാണ് ഉള്ളടക്കം. ഈമെയിലിൽ പരാമർശിക്കപ്പെടുന്ന വിഷയം ഗൗരവമുള്ളതാണ്. അതുകൊണ്ട് ജോൺ ശാമുവൽ ഈ ആരോപണത്തിനു മറുപടി പറയണം എന്ന് ഡിഫെൻഡർ അവശ്യപ്പെട്ടു. അതനുസരിച്ച് ജോൺ ശമുവൽ ഡിഫെൻഡറിനയച്ച മറുപടി ഡിഫെൻഡറിന്റെ വെബ്സൈറ്റിലുണ്ട്. സ്ഥലപരിമിതിമൂലം പ്രസക്ത ഭാഗങ്ങൾ മാത്രം ഉദ്ധരിക്കാം.

Many are working in my office, this sister came to the office to work. She came to the office only one day. At that time Danny Harris was in the office. I was not alone in the office. Before she left she gave me an Hug . When she turned her face, my lips touched her lips partially, immediately I asked her pardon , then I talked with her Pastor and replied him. These are the two mails which I sent to the Pastor.The above things are true. This is not purposely, it happened that way. I already admitted my innocency to Pastor Tom Hicks and the sister.





RNI No. 68089 / 97
2011 June 16

THE DEFENDER

REGISTERED
KL/ALY/0031/2009-11

# തട്ടിപ്പിന്റെ നീതിശാസ്ത്രം: പുണ്യാളൻ വഹ

ദൈവവചനവിരുദ്ധവും നിയമവിരുദ്ധവും അല്ലാത്ത വഴികളിലൂടെ ധനം സമ്പാദിക്കുന്നതു തെറ്റല്ല. പണമുണ്ടാക്കുന്നതോ പണമുണ്ടാകുന്നതോ തെറ്റാണെന്നു ദൈവവചനം പറയുന്നുമില്ല. പക്ഷേ ദ്രവ്യാഗ്രഹം പാപമാണ്, സമ്പത്തിൽ ആശ്രയിക്കുന്നതു വിഡ്ഢിത്തവുമാണ്.

തെറ്റായ വഴികളിലൂടെ പണമുണ്ടാക്കുന്നവർക്ക് സമാധാനത്തോടെ ഉറങ്ങാൻ പറ്റില്ല. അവരുടെ മന:സാക്ഷി അവരെ രാവും പകലും കുത്തിക്കൊണ്ടിരിക്കും. മന:സാക്ഷിയുടെ കുത്ത് അസഹനീയമാകുമ്പോൾ അവർ തങ്ങളുടെ തെറ്റുകൾക്കു ന്യായീകരണങ്ങൾ നിരത്തും. തങ്ങൾ ചെയ്തതു തെറ്റല്ല എന്നു സ്ഥാപിക്കാൻ ശ്രമിക്കും.

എന്തിനാണ് ഈ ലോക തത്ത്വങ്ങളൊക്കെ പറഞ്ഞത് എന്നു സംശയം തോന്നാം. പ്രധാനപ്പെട്ട ഒരു വിഷയത്തിലേക്കു കടക്കുന്നതിനുള്ള മുഖവുര എന്ന നിലയ്ക്കാണ് ഇത്രയും കാര്യങ്ങൾ പറഞ്ഞത്. കഴിഞ്ഞ ലക്കത്തിൽ ഒരു പുണ്യാളൻ കാട്ടിക്കൂട്ടിയ വിക്രിയകൾ വിവരിച്ചിരുന്നു. തെറ്റു തിരുത്താൻ 30 ദിവസത്തെ സമയവും ഡിഫെൻഡർ നൽകിയിരുന്നു. പക്ഷേ ഈ പുണ്യാളൻ തെറ്റു തിരുത്താൻ തയ്യാറായിട്ടില്ലെന്നു മാത്രമല്ല കുറെ മുടന്തൻ ന്യായങ്ങൾ നിരത്തി തന്റെ തെറ്റിനെ ന്യായീകരിക്കയും ചെയ്യുന്നു. അതുകൊണ്ട് ചില വസ്തുതകൾ കൂടി വ്യക്തമാക്കാം.

പുണ്യാളന്റെ പ്രധാന ന്യായങ്ങളും അവയ്ക്കു ഡിഫെൻഡർ നൽകുന്ന മറുപടികളും:

1. ഇത്തരം കാര്യങ്ങളിൽ ഇടപെടാൻ ബാലന് എന്തധികാരം?

പൊതുതാത്പര്യമുള്ള വിഷയങ്ങളിൽ ആർക്കും ഇടപെടാം. അതിന് ആരും അധികാരപ്പെടുത്തേണ്ടതില്ല. എന്താണു പൊതു താത്പര്യം? ദൈവസഭയ്ക്കുള്ളിലുള്ള വിഷയങ്ങളാണ് ഡിഫെൻഡറിനെ സംബന്ധിച്ച് പൊതുതാല്പര്യമുള്ള വിഷയങ്ങൾ. ''പുറത്തുള്ളവരെ വിധിക്കുവാൻ എനിക്ക് എന്ത് കാര്യം? നിങ്ങൾ അകത്തുള്ളവരെ അല്ലയോ വിധിക്കുന്നത്; പുറത്തുള്ളവരെ ദൈവം വിധിക്കുന്നു.'' (1കൊരി.5:12) എല്ലാ ദൈവമക്കളും ദൈവവചനാനുസൃതം ജീവിക്കേണ്ടതാണ്. ആരെങ്കിലും വഴി തെറ്റിയാൽ ഡിഫെൻഡർ ഇടപെടും. പക്ഷേ ചില പെരുമാറ്റച്ചട്ടങ്ങൾക്കു വിധേയമായിട്ടാണു ഡിഫെൻഡർ ഇടപെടുന്നത്. വിശ്വാസി തെറ്റു ചെയ്യുന്നതിനേക്കാൾ ഗൗരവമുള്ള കാര്യമാണ് പാസ്റ്റർ തെറ്റു ചെയ്യുന്നത്. അതേ തെറ്റു സെന്റർ പാസ്റ്റർ ചെയ്താൽ ഗൗരവം ഏറുന്നു. സഭയുടെ നേതൃസ്ഥാനത്തുള്ളവരാണു തെറ്റിൽ അകപ്പെട്ടതെങ്കിൽ അത് അത്യന്തം ഗൗരവമുള്ള വിഷയമായി ഡിഫെൻഡർ പരിഗണിക്കും.

നമ്മുടെ കഥയിലെ പുണ്യാളൻ പാസ്റ്ററാണെന്നു മാത്രമല്ല മറ്റു പാസ്റ്റർമാർക്കു മാതൃകയായിരിക്കേണ്ട നേതാവുമാണ്. അതുകൊണ്ട് ഈ പ്രശ്നത്തിനു വലിയതോതിലുള്ള പൊതുതാത്പര്യമുണ്ട്. തെറ്റു ചൂണ്ടിക്കാണിച്ചപ്പോൾ തിരുത്തുകയോ പശ്ചാത്താപത്തിന്റെ ലക്ഷണമെങ്കിലും കാണിക്കയോ ചെയ്യാതെ അഹങ്കാരത്തോടെ സംസാരിക്കുകയാണ് ഈ പുണ്യപുരുഷൻ ചെയ്തത്. ഇതു തികഞ്ഞ അമാത്യകയാണ്. ഇയാൾ ദയ അർഹിക്കുന്നില്ല എന്നു വ്യക്തം.

2. ഡിഫെൻഡർ ഇങ്ങനെ പലരെയും വിമർശിച്ചിട്ടുണ്ട്. അവർക്കൊക്കെ ഒന്നും പറ്റിയില്ലല്ലോ?

ഡിഫെൻഡർ അകാരണമായി ആരെയും വിമർശിച്ചിട്ടില്ല. പക്ഷേ ഡിഫെൻഡറിന്റെ വിമർശനത്തിനു വിധേയരായവരിൽ ചിലർ മാനസാന്തരപ്പെട്ടു. അത് അവർക്കു ഗുണമായി. മറ്റു ചിലർ ഫറവോനെപ്പോലെ ഹൃദയം കഠിനമാക്കി. അതിന്റെ ഫലം അവർ അനുഭവിക്കുന്നുമുണ്ട്.

3. ഈ ഇടപാടിൽ പുണ്യാളൻ നിയമവിരുദ്ധമായി ഒന്നും ചെയ്തിട്ടില്ല. ഉണ്ടെങ്കിൽ എന്ത്?

നിയമം ലംഘിച്ചിട്ടുണ്ടോ എന്നു പോലീസും മറ്റു സർക്കാർ ഏജൻസികളും പരിശോധിക്കട്ടെ. തെറ്റു ചെയ്തിട്ടില്ലെങ്കിൽ കുഴപ്പമില്ല.

4. പുണ്യാളൻ നിയമപരമായി തെറ്റൊന്നും ചെയ്തിട്ടില്ലാത്തതിനാൽ ഡിഫെൻഡറിന്റെ വിമർശനം അനാവശ്യമാണ്.

അമേരിക്കയിൽ ഇപ്പോൾ ഏറ്റവും പ്രചാരം നേടിയിട്ടുള്ള ഒരു വാദമാണിത്. അതുകൊണ്ട് അല്പം വിശദമായിത്തന്നെ മറുപടി പറയാം:

നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി ബാർ ഹോട്ടൽ നടത്തുന്നതു നിയമലംഘനമല്ല. പക്ഷേ ഒരു പെന്തക്കോസ്ത് വിശ്വാസി ബാർ ഹോട്ടൽ നടത്തിയാൽ നാം അത് അംഗീകരിക്കുമോ? ബാർ ഹോട്ടൽ നടത്തുന്നതു പാസ്റ്ററാണെങ്കിലോ? കെ.സി.ജോൺ, ടി.ജി. കോശി, പി.എസ്.ഫിലിപ്പ്, എം.കുഞ്ഞപ്പി തുടങ്ങിയവരിൽ ആരെങ്കിലും ഈ തരത്തിലുള്ള ബിസിനസ്സ് നടത്തിയാൽ എന്താകും കഥ! നിയമലംഘനം നടത്തിയിട്ടില്ല എന്ന വാദം നാം അംഗീകരിച്ചു കൊടുക്കുമോ?

കെട്ടും എടുത്തു ശബരിമലയ്ക്കു പോകുന്നതു നിയമലംഘനമല്ല. വിഗ്രഹങ്ങളെ ആരാധിക്കുക, മന്ത്രവാദം ചെയ്യുക തുടങ്ങിയവയും നിയമലംഘനമാകുന്നില്ല. പക്ഷേ സാധാരണക്കാരായ പെന്തക്കോസ്ത് വിശ്വാസികൾക്കുപോലും ഇത്തരം കാര്യങ്ങൾ ചെയ്യാൻ അനുവാദമില്ല.

യൂദാ ഗുരുവിനെ ഒറ്റിക്കൊടുത്തു. ഇത് റോമൻ നിയമമനുസരിച്ചു തെറ്റായിരുന്നില്ല. പുരോഹിതൻമാരുടെ സഹായത്തോടെയാണ് ഇതു ചെയ്തത്. അതുകൊണ്ട് മതക്കോടതിയും യൂദയെ തെറ്റുകാരനെന്നു വിധിക്കുകയില്ല. പക്ഷേ അവൻ ജനിക്കാതിരുന്നെങ്കിൽ അവനു കൊള്ളായിരുന്നു എന്നാണ് കർത്താവായ യേശുക്രിസ്തു പറഞ്ഞത്. ഇതുതന്നെയാണു ഡിഫെൻഡറിനും പറയാനുള്ളത്: ഈ പുണ്യാളൻ ജനിക്കാതിരുന്നെങ്കിൽ അവനു കൊള്ളായിരുന്നു.

തെറ്റു ചെയ്തിട്ടില്ലെന്നു പിതാവും പുത്രനും ആണയിടുന്നു. പുത്രൻ പൊളിറ്റിക്കൽ സയൻസ് പഠിച്ചിട്ട് ഇന്ത്യയിൽ എത്തുമെന്നും രാഷ്ട്രീയം കളിച്ച് ഇന്ത്യൻ പ്രധാനമന്ത്രിയാകുമെന്നും വീമ്പിളക്കുന്നു. ഇവർ ഏതു ലോകത്താണു ജീവിക്കുന്നത്!

ചില ചോദ്യങ്ങൾക്ക് ഈ പുണ്യാളൻ ഉത്തരം തരുമോ?

1. സാമ്പത്തികമാന്ദ്യം മൂലം താൻ പാപ്പരായെന്നും അതുകൊണ്ടു പണമടയ്ക്കാൻ കഴിയില്ലെന്നും പുണ്യാളൻ ബാങ്കുകാരെ അറിയിച്ചപ്പോൾ ഈ ചങ്ങാതി യഥാർത്ഥത്തിൽ പാപ്പരായിരുന്നോ? ആയിരുന്നെങ്കിൽ ഇയാൾ തെറ്റു ചെയ്തിട്ടില്ല എന്നു വിധിക്കാം. ഈ വിധത്തിൽ വീടുകൾ ഉപേക്ഷിച്ച നിരവധി ആളുകൾ അമേരിക്കയിലുണ്ട്. അവരോടു ഡിഫെൻഡറിനു സഹതാപമേയുള്ളൂ.

2. ഇൻസ്റ്റാൾമെന്റുകൾ അടയ്ക്കാൻ ആവശ്യമായതിലും അധികം പണം കൈവശം വച്ചുകൊണ്ടാണു പാപ്പരായി നടിച്ചതെങ്കിൽ അതു ശുദ്ധ തട്ടിപ്പല്ലേ? ഇത്തരം ഒരു തട്ടിപ്പുകാരൻ പാസ്റ്ററായിരിക്കാൻ യോഗ്യനാണോ?

3. അടുത്ത ബന്ധുവിനെക്കൊണ്ടു വീടു ലേലത്തിൽ പിടിപ്പിച്ചത് തട്ടിപ്പിന്റെ ഭാഗമായല്ലേ? ആ സ്ത്രീ വീടു വാങ്ങാൻ കൊടുത്ത 95,300 ഡോളർ ആരുടേത്? ആ സ്ത്രീയുടെ പണം എന്നു പറയുമോ? അവരുടെ കൈവശം അത്രയും പണം ഉണ്ടാകാൻ ഒരു വഴിയുമില്ലെന്ന് ഏവർക്കും അറിയാമല്ലോ. ഒടുവിൽ അവർ ആ വീട് 100 ഡോളറിന് പുണ്യാളനു കൊടുക്കുന്നു! അതിൽ തെറ്റുണ്ടോ? അശ്ശേഷമില്ല. കാരണം, നിയമലംഘനമില്ല. പ്രിയ സഹോദരങ്ങളേ, ഇവൻ ഒരു സർപ്പസന്തതിയാണ്. ഇവനു ദൈവവുമായി ഒരു ബന്ധവുമില്ല. വല്യപ്പന്റെ തഴമ്പിന്റെ ബലത്തിലാണ് ഇവൻ വിലസുന്നത്. ഇവനെ എത്രയും വേഗം ചവിട്ടി പുറത്താക്കുക.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**


Printed, Published and Owned by T.S.Balan, Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala, 683542. Published at Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Editor: T.S.Balan